# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മരട് നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് ഓഫീസ്
## എറണാകുളം

**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(എം.1)1968/2019


കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്
കാര്യാലയം,
എറണാകുളം സിവിൽ
സ്റ്റേഷൻ, കാക്കനാട്–
682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in


തീയതി :06.03.2020

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മരട് നഗരസഭ

സർ,

വിഷയം :- മരട് നഗരസഭ – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **മരട്** നഗരസഭയുടെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3) ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, എറണാകുളം
5) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇ.കെ.എം(എം.1)1968/2019 തീയതി : 06.03.2020

## <u>എറണാകുളം ജില്ലയിലെ മരട് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ **മരട് നഗരസഭയുടെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 01.4.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി. ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.11.2019മുതൽ 29.11.2019 വരെ. |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. അബ്ദുൾ സലാം.ടി.ഐ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ.ജ്യോതിമോൻ.സി.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷെഫീക്ക് .എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിജു.എം.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ടിനു.കെ.ജെ | ഓഡിറ്റർ |
| ശ്രീ.അഭിലാഷ് എം.ആർ | ഓഡിറ്റർ |

**ബി) നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർപേഴ്സൺ | ശ്രീമതി. സുനില സിബി | 01.04.2018 | 26.12.18 |
| | ശ്രീ.ബോബൻ നെടുമ്പറമ്പിൽ | 27.12.18 | 23.01.19 |
| | ശ്രീമതി. നദീറ.ടി.എച്ച് | 24.01.19 | 31.03.19 |
| വൈസ് ചെയർമാൻ & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ.അബ്ദുൾ ജബ്ബാർ | 01.04.18 | 30.09.18 |
| | ശ്രീ.ബോബൻ നെടുമ്പറമ്പിൽ | 01.10.18 | 31.03.19 |
| വികസനകാര്യ സ്റ്റാന്റിംഗ് | ശ്രീമതി. ദിഷാപ്രതാപൻ | 01.04.18 | 31.03.19 |

| | | | |
|---|---|---|---|
| കമ്മറ്റി ചെയർപേഴ്സൺ | | | |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി. സുജാത ശിശുപാലൻ | 01.04.18 | 31.03.19 |
| വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി.ജമീല മുഹമ്മദ് | 01.04.18 | 31.03.19 |
| പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ.ബോബൻ നെടുമ്പറമ്പിൽ | 01.04.18 | 30.09.18 |
| | ശ്രീ.അബ്ദുൾ ജബ്ബാർ | 01.10.18 | 31.03.19 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീ.ജോൺസൺ .പി.ജെ | 01.04.18 | 31.03.19 |
| സെക്രട്ടറി | ശ്രീ.അനിൽകുമാർ.സി | 01.04.18 | 02.07.18FN |
| | ശ്രീ.പി.കെ.സുഭാഷ് | 02.07.18AN | 31.03.19 |

**<u>മറ്റു നിർവ്വഹണോദ്യഗസ്ഥരുടെ പേരു വിവരം</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി.ഉഷാകുമാരി.പി.ജി | 01.04.18 | 31.12.18 |
| | ശ്രീ. ബിജു.എം.കെ | 01.01.19 | 31.03.19 |
| ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്.എസ്. | പ്രകാശ്.വി | 01.04.18 | 06.06.18 |
| | ഷീല.എ.ടി(ഇൻ ചാർജ്ജ്) | 07.06.18 | 07.06.18 |
| | ശ്രീ. പവിത്രൻ.ടി.വി | 08.06.18 | 31.03.19 |
| കൃഷി ഓഫീസർ | ശ്രീമതി. ചിത്ര കെ. പിള്ള | 01.04.18 | 31.03.19 |
| വെറ്റിനറി സർജൻ | ഡോ. നിഷ സെബാസ്റ്റ്യൻ | 01.04.18 | 07.04.18 |
| | ഡോ. വന്ദന വിജയചന്ദ്രൻ | 08.04.18 | 15.06.18FN |
| | ഡോ.രേഖ.എസ് | 15.06.18AN | 31.03.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ,വളന്തക്കാട് | ശ്രീമതി. അനുഷ.കെ.കെ | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. വളന്തക്കാട് | ഡോ.ബാലു ഭാസി | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ.രാജേശ്വരി.സി.എൽ | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ, (ആയുർവേദം വിഷവൈദ്യം) | ഡോ.നിഷിത കെ.എസ് | 01.04.18 | 28.09.18 |
| | ഡോ.ഹീര സാബു | 29.09.18 | 31.03.19 |
| ഹെഡ്മിസ്ട്രസ് (ഗവ. എൽ.പി.എസ്)മാങ്കായിൽ | ശ്രീമതി.സതി.എ.സി | 01.04.18 | 31.03.19 |
| പ്രിൻസിപ്പാൾ (ജി.വി.എച്ച്.എസ്.എസ്) | ശ്രീ.ബെന്നോ ജോസഫ് | 01.04.18 | 31.03.19 |
| ഹെൽത്ത് സൂപ്പർവൈസർ (പ്രൊജക്ട് ഓഫീസർ, NULM) | ശ്രീ. ഹുസൈൻ.എ (JHI-Gr.II ഇൻ ചാർജ് | 01.04.18 | 03.05.18FN |

| | | | |
|---|---|---|---|
| | ശ്രീ.വിൽസൺ.സി.ജെ | 03.05.18AN | 31.03.19 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | സേവനനികുതി റീഫണ്ട് ലഭിച്ചില്ല | 1-12 |
| 13 | വാടക ഈടാക്കിയതിലെ അപാകതകൾ | 1-13 |
| 14 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-14 |
| 15 | ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ | 1-15 |
| 16 | സുഫലം-പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നില്ല. | 1-16 |
| 17 | വിവിധ വർഷങ്ങളിലായി ലഭിച്ച ചെക്കുകൾ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. | 1-17 |
| 18 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.-തടസ്സം233755രൂപ | 1-18 |
| 19 | വയോമിത്രം ക്ലബുകളുടെ ക്ലിനിക്കുകളുടെ മെച്ചപ്പെട്ട സേവനംപദ്ധതി-വിനോദയാത്ര ചെലവ്(90000 രൂപ) തടസ്സപ്പെടുത്തുന്നു | 1-19 |
| 20 | വൃക്കരോഗികൾക്ക് ഡയാലിസിസ്പദ്ധതിയിൽ അപാകത-തടസ്സം 1200000 രൂപ | 1-20 |
| 21 | മുൻകൂറുകൾ ക്രമീകരിച്ചില്ല | 1-21 |
| 22 | മുൻകൂർ തുക കൈപ്പറ്റിയിട്ടും മരുന്നുകൾവിതരണം ചെയ്തില്ല -തടസ്സം 1731010/-രൂപ | 1-22 |
| 23 | നഗരസഭ പെൻഷൻ ഫണ്ട് വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-23 |

| | | | |
|---|---|---|---|
| 24 | മരാമത്ത് ബില്‍ തുകയില്‍ നിന്നും GST തുക കുറവ് ചെയ്തിട്ടില്ല | 1-24 | |
| 25 | വയോജനങ്ങള്‍ക്ക് ഭക്ഷണം , പോഷകാഹാര കിറ്റ് നല്‍കല്‍ പദ്ധതി- അപാകത | 1-25 | |
| 26 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-നിര്‍മ്മാണ അപാകതകള്‍ | 1-26 | |
| 27 | വാസഗൃഹം ക്രമവല്‍ക്കരണം-CRZ ലംഘനം പരിഗണിക്കാതെ ഒക്യുപ്പന്‍സി സര്‍ട്ടിഫിക്കറ്റ് നല്‍കി | 1-27 | |
| 28 | നിശ്ചിത സമയ പരിധിക്കുള്ളില്‍ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈന്‍ ഈടാക്കിയിട്ടില്ല. | 1-28 | |
| 29 | നിശ്ചിതമൂല്യമുള്ള മുദ്രപ്പത്രത്തില്‍ കരാര്‍ ചമച്ചില്ല. | 1-29 | |
| 30 | എ.ബി.സി പ്രോഗ്രാം -തെരുവ് നായ നിയന്ത്രണം - പദ്ധതി നടത്തിപ്പിലെ അപാകതകള്‍. | 1-30 | |
| 31 | ലൈഫ് & പി.എം.എ.വൈ ഭവന പദ്ധതി – ആനുകൂല്യം കൈപ്പറ്റിയവര്‍ ഭവനനിര്‍മ്മാണം പൂര്‍ത്തിയാക്കിയില്ല | 1-31 | |
| 32 | കേരള വാട്ടര്‍ അതോറിറ്റി നിക്ഷേപപ്രവൃത്തി – സെന്റേജ് ചാര്‍ജ് അധികം നല്‍കി | 1-32 | |
| 33 | വക്കീല്‍ഫീസ് - ആദായനികുതി കിഴിവ് നടത്തിയിട്ടില്ല | 1-33 | |
| 34 | ഡെപ്പോസിറ്റ് വര്‍ക്ക് - വിനിയോഗവിവരങ്ങള്‍ ലഭ്യമാക്കിയില്ല. | 1-34 | |
| 35 | എസ്.എല്‍.ഐ പ്രീമിയം - തുക കുറവ് ചെയ്തില്ല | 1-35 | |
| 36 | ദേശീയ നഗര ഉപജീവന മിഷന്റെ (NULM)പ്രവര്‍ത്തനം -വിശദ വിവരങ്ങള്‍ ലഭ്യമാക്കിയില്ല | 1-36 | |
| 37 | പൊതുടാപ്പുകള്‍- സംയുക്തപരിശോധന നടത്തിയിട്ടില്ല | 1-37 | |
| 38 | തെരുവ് വിളക്ക് (CFL)മെയിന്റനന്‍സ്-ജി എസ് ടി കൂടുതല്‍ നല്‍കി | 1-38 | |
| 39 | ദിവസക്കൂലി/കരാര്‍ വേതനം വാങ്ങുന്നവരില്‍ നിന്നും EPF ലേക്ക് തുക കുറവ് ചെയ്യുന്നു | 1-39 | |
| | **ഭാഗം 2** | | |
| 40 | വസ്തു നികുതി കുറവായി കണക്കാക്കി | 2-1 | |

| | | |
|---|---|---|
| 41 | കെ.എസ്.ഇ.ബി റോഡ് കട്ടിംഗ് - റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ കുറവ് | 2-2 |
| 42 | ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് | 2-3 |
| 43 | പെർമിറ്റ് തുക ഈടാക്കിയതിൽ കുറവ് | 2-4 |
| | **ഭാഗം 3** | |
| 44 | ചേരിപ്പറമ്പ് റോഡിൽ ടൈൽ വിരിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-1 |
| 45 | ജയ നഗറിൽ കാന മെയിന്റനൻസ് കവറിംഗ് സ്ലാബ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 46 | ഹോസ്പിറ്റൽ റോഡ് കാന, കവറിംഗ് സ്ലാബ് നിർമ്മാണം ഡിവിഷൻ 25 -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-3 |
| 47 | റീഫണ്ട് -അധിക തുക നൽകി | 3-4 |
| 48 | കേരള വാട്ടർ അതോറിറ്റി നിക്ഷേപപ്രവൃത്തി -സെന്റേജ് ചാർജ് അധികം നല്കി | 3-5 |
| | **ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 49 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 50 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 51 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 52 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 53 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 54 | ഓഡിറ്റ് റിക്കവറി | 4-6 |
| 55 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-7 |
| 56 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 57 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 58 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 59 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 60 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |

| | | |
|---|---|---|
| 61 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 62 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.3.18 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 415135572 | 482924877 |
| വാർഷിക കണക്ക് പ്രകാരം | 261971549 | 230404575 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 15.07.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42094144.22 |
| വരവ് | 261971549.00 |
| ആകെ | 304065693.22 |
| ചെലവ് | 230404575.00 |
| നീക്കിയിരിപ്പ് | 73661118.22 |

.

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | സർക്കാരിലേക്ക് തിരികെ | ചെലവ് ശതമാനം | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 35484000 | 35484000 | 31880658 | 3603342 | 89.85 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | 00 | 16708000 | 16708000 | 3262874 | 13445126 | 19.5 | 00 |
| വികസന ഫണ്ട് (റ്റി. എസ്. പി) | 00 | 1042000 | 1042000 | 661674 | 380326 | 63.5 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 9215000 | 9215000 | 9213313 | 1687 | 99.98 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 7351000 | 7351000 | 5452360 | 1898640 | 74.27 | 00 |
| 13-ാം ധനകാര്യ | 00 | 35855000 | 35855000 | 31126551 | 4728449 | 86.81 | 00 |

| | | | | | | | |
|---|---|---|---|---|---|---|---|
| കമ്മീഷന്റ അവാർഡ് | | | | | | | |
| ആക്സിസ് ബാങ്ക് (PMAY) | 11321206 | 39743233 | 51064439 | 25703958 | 00 | 50.33 | 25360481 |
| ബാങ്ക് ഓഫ് ബറോഡ (സ്വച്ഛഭാരത്) | 601996 | 4337364 | 4939360 | 44267 | 00 | 0.89 | 4895093 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 2726331 | 8371718 | 11098049 | 5490791 | 00 | 49.47 | 5607258 |
| പഞ്ചാബ് നാഷ്ണൽ ബാങ്ക (പി.എഫ്) | 376728 | 1243594 | 1620322 | 195070 | 00 | 12 | 1425252 |
| പഞ്ചാബ് നാഷ്ണൽ ബാങ്ക(secc) | 204 | 6 | 210 | 70 | 00 | 33.33 | 140 |
| പഞ്ചാബ് നാഷ്ണൽ ബാങ്ക (പെൻഷൻ) | 658897 | 23362 | 682259 | 70 | 00 | 00 | 682189 |
| ആന്ധ്രാ ബാങ്ക് (NULM) | 436714 | 1324484 | 1761198 | 1761197 | 00 | 100 | 1 |
| പഞ്ചാബ് നാഷ്ണൽ ബാങ്ക (ദുരിതാശ്വാസം) | 205445 | 101772 | 307217 | 160070 | 00 | 52.1 | 147147 |
| വി.പി.എഫ്.എ (old) | 807725 | 00 | 807725 | 00 | 00 | 00 | 807725 |
| ടി.പി.എ അക്കൗണ്ട് | 30345 | 00 | 30345 | 00 | 00 | 00 | 30345 |
| ബാങ്ക് ഓഫ് ബറോഡ (NULM) | 00 | 982900 | 982900 | 00 | 00 | 00 | 982900 |
| റ്റി.എസ്.ബി, തനത് ഫണ്ട് | 6191870 | 22690521 | 28882391 | 27954681 | 00 | 96.78 | 927710 |
| തനത് ഫണ്ട് എസ്.ബി.റ്റി | 188690 | 529434 | 718124 | 00 | 00 | 00 | 718124 |
| പഞ്ചാബ് നാഷ്ണൽ ബാങ്ക തനത് | 18547993 | 121160379 | 139708372 | 108194111 | 00 | 77.44 | 31514261 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 479 | 303643211 | 203 | 88614422 | 00 | 276 | 42.38 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2726331 | 8371718 | 11098049 | 5490791 | 5607258 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 0 | 0 | 0 | 00 |
| ആകെ | 2726331 | 8371718 | 11098049 | 5490791 | 5607258 |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8280 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 1830400 | 426 |
| വിധവാപെൻഷൻ | 16778800 | 3931 |
| വാർദ്ധക്യകാലപെൻഷൻ | 34228900 | 7839 |
| വികലാംഗപെൻഷൻ | 3782000 | 868 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 973200 | 231 |
| വിവാഹ ധനസഹായം | 375000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2019ന് ഓഫീസ് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 71,539/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. <u>രസീതുകൾ - അപാകത</u>

സാംഖ്യ രസീത് ക്യാൻസൽ ചെയ്യുന്നത് ബന്ധപ്പെട്ട സെക്രട്ടറിയോ, സൂപ്രണ്ടോ സാക്ഷ്യപ്പെടുത്തുന്നില്ല. 01.04.18 മുതൽ 31.01.2019 വരെയുള്ള സാംഖ്യ രസീതുകളുടെ ഡെയ്ലി കൺസോളിഡേഷൻ ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

2. ഡേ ബുക്ക് - ഫെബ്രുവരി 2019, മാർച്ച് 2019 എന്നീ മാസങ്ങളൊഴികെയുള്ള ഡേ ബുക്ക് നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

3. വാടക രജിസ്റ്റർ – വാടക രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും വാടകക്കാരുമായി നഗരസഭ കരാറിൽ ഏർപ്പെടുന്നില്ല. ഇത് ഭാവിയിൽ നഗരസഭയ്ക്ക് വലിയ പ്രശ്നം സൃഷ്ടിക്കും. ആയതിനാൽ അടിയന്തരമായി തന്നെ വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. ഫെയർ റെന്റ് സർട്ടിഫിക്കറ്റ് – എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നല്കുന്ന ഫെയർ റെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഷോപ്പിംങ് കോംപ്ലെക്സിലേയും മറ്റ് സ്ഥാപനങ്ങളുടേയും റെന്റ് നിശ്ചയിക്കുന്നത്.എന്നാൽ നഗരസഭയിൽ ഈ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല.ആയതിന്റെ അടിസ്ഥാനത്തിൽ വാടക നിശ്ചയിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. <u>മോണിറ്ററിംഗ്</u>

നഗരസഭ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വ്യക്തമായ മോണിറ്ററിംഗ് വർക്കിംങ് ഗ്രൂപ്പുകൾ നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തേയും നിർവ്വഹണ ഉദ്യോഗസ്ഥനേയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിറ്ററിംഗ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നുവെന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിറ്ററിംഗ്. മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിംങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ നഗരസഭ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിറ്ററിംഗ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല.

6. <u>പെർമിറ്റ് രജിസ്റ്റർ</u> - പെർമിറ്റ് എടുത്തിട്ടുള്ള വ്യക്തികളിൽ നിന്ന് ഈടാക്കിയിട്ടുള്ള പെർമിറ്റ് ആപ്ലിക്കേഷൻ ഫീ വിവരം വ്യക്തമായി ചേർത്തിട്ടുണ്ട്. എന്നാൽ പെർമിറ്റ് ഫീയിനത്തിൽ ഈടാക്കിയ തുകയുടെ വിവരവും രസീത് നമ്പരും തീയതിയും കൃത്യമായി ചേർക്കുന്നതായി കാണുന്നില്ല. ആയതിനാൽ പെർമിറ്റ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

7. ഇൻക്യുമ്പൻസി രജിസ്റ്റർ- സ്ഥാപനത്തിൽ ജീവനക്കാരുടെ പേര് ,തസ്തിക, വിലാസം എന്നിവ രേഖപ്പെടുത്തുന്ന ഇൻക്യുമ്പ ൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് അടിയന്തിരമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

8. <u>ഡെപ്പോസിറ്റ് രജിസ്റ്റർ</u> - വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി തുക നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.വാർഷിക ധനകാര്യപത്രിക പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ റീഫണ്ട് തുക 2500/- രൂപ മാത്രമാണ്. എന്നാൽ ഹാജരാക്കിയ ലെഡ്ജർ പ്രകാരം കൂടുതൽ തുക കാണുന്നു.

9. <u>സെലക്ഷൻ നോട്ടീസ്</u>- നഗരസഭയിലെ മരാമത്ത് പണികൾ ചെയ്യുന്നതിനായി കോൺട്രാക്ടർമാർക്ക് നല്കുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നില്ല.

10. ചെക്ക് ഇഷ്യു രജിസ്റ്റർ-നഗരസഭയിലെ ചെക്ക് ഇഷ്യു രജിസ്റ്റർ അപൂർണ്ണമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരങ്ങൾ ലഭ്യമാക്കിയില്ല. | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.18 - 01.01.2019 | 2016-17 | 29.01.19 |

## 1-11 വാർഷികധനകാര്യപത്രിക പരിശോധിച്ച്

## സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ എസ് എ ഇ കെ എം (പിജി)1367(3)/2019 തീയതി 08.08.19 നമ്പറായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 സേവന നികുതി റീഫണ്ട് ലഭിച്ചില്ല

ഫയൽനം.എ1/3837/18

ജിയോ ഇൻഫോം കോം ലിമിറ്റഡ് എന്ന സ്ഥാപനം ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഭൂമിക്കടിയിലൂടെ ഇടുന്നതിനായി 07.08.2014 ൽ ഡി.ഡി നം 826264 പ്രകാരം 9359976 രൂപ ഫീസായി അടവാക്കി നഗരസഭയുടെ 16.06.2014 ലെ 5(15) തീരുമാന പ്രകാരം അനുമതി വാങ്ങിയിരുന്നു. പിന്നീട് 13.04.2018 ലെ ഡയറക്ടറേറ്റ് ജനറൽ ഓഫ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ഇന്റലിജൻസിന്റെ F No. INT/DGGST/KOZU/ST/2018-19 കത്ത് പ്രകാരം മേൽ കമ്പനിയിൽ നിന്ന് റോഡ് കട്ടിംങ്ങിനായി ഈടാക്കിയ തുകയുടെ 10% തുകയായ 9,35,998 /-രൂപ ഉൾപ്പെടെ മരട് നഗരസഭ അന്നേവരെ ഈടാക്കിയ സർവ്വീസ് ടാക്സും ആയതിന്റെ പിഴപ്പലിശയും ഡയറക്ടറേറ്റ് ജനറൽ ഓഫ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ഇന്റലിജൻസ് വകുപ്പിലേക്ക് അടക്കേണ്ടതായി വന്നു. അടവാക്കിയ തുകയുടെ വിവരം താഴെച്ചേർക്കുന്നു.

| ചെക്ക് നം | തീയതി | സർവ്വീസ് ടാക്സ് | പിഴപ്പലിശ | ആകെ |
|---|---|---|---|---|
| 44464 | 24.05.2018 | 1138953 | 173534 | 1312487 |
| 802441 | 01.06.2018 | 17940 | 965463 | 983403 |
| ആകെ | | 1156893 | 1138997 | 2295890 |

സർവ്വീസ് തുക അടവാക്കിയ സെക്രട്ടറിയുടെ നടപടി 12.07.2018 ൽ ചേർന്ന കൗൺസിലിലെ 11 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 10.01.2019 ലെ ഡയറക്ടറേറ്റ് ജനറൽ ഓഫ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ഇന്റലിജൻസിന്റെ F No.INV/DGGI/KOZU/ST/04/2018-19 കത്തിൽ 30.06.2017 വരെയുള്ള സർവ്വീസ് ടാക്സ് തുക നഗരസഭ അടവാക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിരുന്നു. സർവ്വീസ് ടാക്സ് അടവ് സംബന്ധിച്ച് വ്യക്തമായ ധാരണ വരുത്താതെയാണ് 22,95,890/- രൂപ നഗരസഭാ ഫണ്ടിൽ നിന്ന് അടവാക്കി. പ്രസ്തുത തുക നഗരസഭയിലേക്ക് റീഫണ്ട് ചെയ്ത് കിട്ടിയതായി ഫയലിൽ നിന്ന് വ്യക്തമല്ല. റീ ഫണ്ട് വിവരം ഓഡിറ്റിനായി ഹാജരാക്കുവാനാവശ്യപ്പെട്ട് കൊണ്ട് 22.11.2019 ൽ ഓഡിറ്റ് നൽകിയ അന്വേഷണക്കുറിപ്പ് 15 ന് ലഭ്യമാക്കിയ മറുപടിയിൽ റീഫണ്ട് ആവശ്യപ്പെട്ട് കത്ത് ബന്ധപ്പെട്ട നികുതി വകുപ്പിന് നല്കിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ആയതിനാൽ പ്രസ്തുത തുക അടിയന്തിരമായി ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-13 വാടക ഈടാക്കിയതിലെ അപാകതകൾ

മരട് നഗരസഭയിൽ 2018-19 സാമ്പത്തിക വർഷം വാടക ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) താഴെ ചേർത്ത കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ | പ്രതിമാസ വാടക | ആകെ അടവാക്കേണ്ട വാടക | അടവാക്കിയ വാടക | കുടിശ്ശിക, കാലയളവ് |
|---|---|---|---|---|---|---|
| 1 | സിന്ധു.പി.ടി | XIII/409 | 2659 | 31908 | 18613 | 13295, |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 11/18-3/19 |
| 2 | ജില്ലാ മാനേജർ, ഹോർട്ടികോർപ്പ് | IX/421(7) | 2420 | 29040 | 0 | 29040, 4/18-3/19 |
| 3 | ജെയ്സൺ പീറ്റർ, മരട് മാർക്കറ്റ് | XII/301 | 1075 | 12900 | 7525 | 5375, 11/18-03/19 |
| 4 | അജിത്ത് കുമാർ.സി.വി,റേഷൻ കട | XVII/394 A | 3025 | 36300 | 0 | 36300, 4/18-3/19 |
| 5 | മാനേജിംഗ് ഡയറക്ടർ,നീതി മെഡിക്കൽ സ്റ്റോർ | IX/421 A | 666 | 7992 | 0 | 7992, 4/18-3/19 |
| **ആകെ** | | | | | | **92002** |

വാടക ഇനത്തിൽ കുറവ് വന്ന 92,002/- രൂപ ബന്ധപ്പെട്ട വാടകക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്

ബി) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.11.2017 ലെ സർക്കാർ ഉത്തരവ് (അച്ചടി ) നം 87/2017 പ്രകാരം വാടകയ്ക്ക് നല്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവയ്ക്ക് ചരക്ക് സേവന നികുതി ബാധകമാക്കിയിട്ടുണ്ട്. നഗരസഭയുടെ കീഴിലുള്ള കെട്ടിടങ്ങൾ 2018-19 കാലയളവിൽ വാടകയ്ക്ക് നല്കിയപ്പോൾ വാടകക്കാരിൽ നിന്ന് ചരക്ക് സേവന നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നമ്പർ | പേര്,വിലാസം | വാർഡ്/ കെട്ടിട നമ്പർ | പ്രതി മാസ വാടക | ആകെ വാടക | ഈടാ ക്കേണ്ട ജി.എസ്.ടി (18%) |
|---|---|---|---|---|---|
| 1 | ലീന ബാബു,വർഷ കുടുംബശ്രീ, കുണ്ടന്നൂർ വനിതാ ഹോട്ടൽ | XI/475 A | 887 | 10644 | 1916 |
| 2 | ഒ.കെ സന്തോഷ്, ഹോട്ടൽ കുണ്ടന്നൂർ | XI/475 B | 15563 | 186756 | 33616 |
| 3 | ജെയ്സൺ പീറ്റർ, മരട് മാർക്കറ്റ് | XII/301 | 1075 | 12900 | 2322 |
| 4 | എം.എച്ച് സിറാജുദ്ദീൻ, മരട് മാർക്കറ്റ് | XII/302 | 976 | 11712 | 2108 |
| 5 | പി.ടി.സുധാകരൻ, മരട് മാർക്കറ്റ് | XII/303 | 976 | 11712 | 2108 |
| 6 | പുഷ്പി.പി.ജെ | XII/304 | 857 | 10284 | 1851 |
| 7 | തമീൻ.കെ.വൈ, മരട് മാർക്കറ്റ് | XII/305 | 857 | 10284 | 1851 |
| 8 | സിന്ധു.പി.ടി | XIII/409 | 2659 | 31908 | 5743 |
| 9 | കെ.എ.ജോൺ, തോട്ടത്തിപ്പറമ്പ് | 9-ാംനമ്പർ കടമുറി,കെട്ടിട നമ്പർ രേഖപ്പെടു ത്തിയിട്ടില്ല | 266 | 3192 | 575 |

| | | | | | |
|---|---|---|---|---|---|
| 10 | മാനേജിംഗ് ഡയറക്ടർ, നീതി മെഡിക്കൽ സ്റ്റോർ | IX/421 A | 666 | 7992 | 1439 |
| 11 | ജില്ലാ മാനേജർ, ഹോർട്ടികോർപ്പ് | IX/421(7) | 2420 | 29040 | 5227 |
| 12 | അജിത്ത് കുമാർ.സി.വി, റേഷൻകട | XVII/394 A | 3025 | 36300 | 6534 |
| 13 | സുധീന്ദ്രൻ.ഐ.ആർ, പാണ്ഡവാസ്,കൊച്ചി | 13-ാംനമ്പർ കടമുറി,കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 990 | 11880 | 2138 |
| 14 | സുരേഷ്ബാബു, സെക്രട്ടറി,പ്രസ്സ് ക്ലബ്ബ്,മരട് | IX/427(7) | 550 | 6600 | 1188 |
| ആകെ | | | | | 68616 |

ജി.എസ്.ടി സമയബന്ധിതമായി ഈടാക്കാതിരുന്നത് നിമിത്തം കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക വാടകക്കാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

സി) മരട് നഗരസഭ വാടകയ്ക്ക് നൽകിയിരിക്കുന്ന 14 കട മുറികളുടേയും വാടക കരാറുകൾ പരിശോധനക്ക് ലഭ്യമായില്ല.വാടക കുടിശ്ശികയുള്ളവരുടെ കരാർ പുതുക്കി നൽകിയിട്ടുണ്ടെങ്കിൽ കുടിശ്ശികക്കാരെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) കടമുറി നമ്പർ 13ൽ നിന്നും 2018 ഏപ്രിൽ മുതൽ 2018 ഒക്ടോബർ വരെ 990/- രൂപയും എന്നാൽ 2018 നവംബർ മുതൽ 2019 മാർച്ച് വരെ 440/- രൂപ കുറച്ച് 550/- രൂപയുമാണ് വാടകയായി ഈടാക്കിയിരിക്കുന്നത്. 2200/- രൂപയുടെ വരുമാന നഷ്ടം കാണുന്നു. ഇത് സംബന്ധിച്ച ഒരു രേഖയും പരിശോധനക്ക് ലഭ്യമായില്ല.

ഇ) പ്രിയദർശിനി ഹാൾ നെട്ടൂർ, ഇ.കെ.നായനാർ ഹാൾ കുണ്ടന്നൂർ, അംബേദ്കർ ഹാൾ മരട്, എസ്സ്.എൻ പാർക്ക് മരട് എന്നിവ വാടകയ്ക്ക് നൽകുമ്പോൾ പൊതുജനങ്ങൾ, രാഷ്ട്രീയ/സാമുദായിക സംഘടനകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ, കൗൺസിലർമാർ/ജീവനക്കാർ എന്നിവരിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് വാടക ഈടാക്കുന്നത്. ആയത് ബൈലോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യസ്ത വിഭാഗങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ വാടക ഈടാക്കുമ്പോൾ വാടകക്കാർ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നത് രേഖപ്പെടുത്തേണ്ടതും ആയതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഒരു രേഖയും ലഭ്യമായില്ല.

## 1-14 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

മരട് നഗരസഭയിൽ 2018-2019 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) മരട് നഗരസഭയിൽ തൊഴിൽ നികുതി രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവയുടെ രണ്ടാം അർദ്ധ വർഷം ഈടാക്കിയ

തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം ശൂന്യമാണ്. സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല. 2018-19 സാമ്പത്തിക വർഷം എ.എഫ്.എസ് പ്രകാരം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ 24,44,700/- രൂപയും ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 1,36,76,564/- രൂപയും ആണ് വരവ് വന്നിരിക്കുന്നത്. എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഇവ പരിശോധിക്കാൻ സാധിച്ചില്ല. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും മേൽ വിഷയം പരാമർശിച്ചിരുന്നുവെങ്കിലും നാളിതു വരെയും നഗരസഭ ഇതിൽ നടപടി സ്വീകരിച്ചിട്ടില്ല.

ബി) ഹെഡ് വൈസ് റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും താഴെ ചേർത്ത അപാകതകൾ കാണുന്നു.

1.താഴെ ചേർത്ത സ്ഥാപനങ്ങൾ 2018-19 ലെ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഫാബ് ഹോട്ടൽ ഒജി'സ് കാന്താരി, മരട് |
| 2 | വൈറ്റ് ഫോർട്ട്, മരട് |
| 3 | സ്റ്റാർലിറ്റ്സ് സ്യൂട്ട്സ്, മരട് |
| 4 | ബി.ടി.എച്ച് സരോവരം ,മരട് |
| 5 | ഹോട്ടൽ കൊച്ചിൻ ലെഗസി |
| 6 | ട്രീബോ ട്രിപ്പ് സിഎംകെഎസ്, നെട്ടൂർ |
| 7 | ക്രൗൺ പ്ലാസ്സ ,മരട് |
| 8 | വാം സ്റ്റേ റിട്രീറ്റ്, മരട് |
| 9 | മിയ റിയാൻ റിസോർട്ട്, നെട്ടൂർ |
| 10 | ത്രീസ്റ്റാർ റെസിഡെൻസി,കുണ്ടന്നൂർ |
| 11 | എംപ്പയർ ഗ്രാന്റ് സ്യൂട്ട്സ്, മരട് |
| 12 | ബ്രഹ്മ ഹോട്ടൽസ് ആന്റ് റിസോർട്ട്സ് , മരട് |
| 13 | ശ്രീനാരായണ സേവാ സംഘം ഓഡിറ്റോറിയം ,നെട്ടൂർ |
| 14 | നെട്ടൂർ മഹൽ ഓഡിറ്റോറിയം |
| 15 | ശ്രീദേവി ഓഡിറ്റോറിയം ,മരട് |
| 16 | വാകേലച്ചൻ ഓഡിറ്റോറിയം, മരട് |
| 17 | നന്ദനം ഓഡിറ്റോറിയം ,കുണ്ടന്നൂർ |

| | |
|---|---|
| 18 | സിംഫണി ഹാൾ, അബാദ് ന്യൂക്ലിയസ് മാൾ |
| 19 | ഇ.ജെ ഹാൾ ,മരട് |
| 20 | ജോജോ ഫ്രോസൻ ഫുഡ്സ്, മരട് |
| 21 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, മരട് |
| 22 | വിജയ ബാങ്ക്, നെട്ടൂർ |
| 23 | എസ്.ബി.ഐ, കണ്ണാടിക്കാട് |
| 24 | എസ്.ബി.ഐ, കരിംപനാൽ ചേമ്പേഴ്സ്, മരട് |
| 25 | എസ്.ബി.ഐ,ഇവികെവി ബിൽഡിംഗ്, കുണ്ടന്നൂർ |
| 26 | ബി.എസ്.എൻ.എൽ,മരട് |
| 27 | ഫിഡെക്സ് എക്സ്പ്രെസ്സ് |
| 28 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് ആന്റ് ഇൻവെസ്റ്റ്മെന്റ്സ്, മരട് |
| 29 | ഡോ.ഷേണായിസ് കെയർ, നെട്ടൂർ |
| 30 | കാർഗോമർ പ്രൈവറ്റ് ലിമിറ്റഡ്, മരട് |
| 31 | ഫ്യൂഷൻ ഓഫ് ആർട്ട് ആന്റ് ടെകനോളജി, മരട് |
| 32 | ലാ വോഗ് ബ്യൂട്ടിപാർലർ, ലേ മെറിഡിയൻ |
| 33 | ബെസ്റ്റ് ബേക്കേഴ്സ്, മരട് |
| 34 | ഐ നെറ്റ് കമ്പ്യൂട്ടർ ,കുണ്ടന്നൂർ |
| 35 | ബൂട്ടിക്ക് ആന്റ് ബോഡി ആർട്ട്, അബാദ് ന്യൂക്ലിയസ് മാൾ |
| 36 | സൈന ഫുഡ്സ് ,കുണ്ടന്നൂർ |
| 37 | നെസ്റ്റ് 4 യു പ്രോപ്പർട്ടി മാനേജ്മെന്റ്, അബാദ് ന്യൂക്ലിയസ് മാൾ |
| 38 | കാക്റ്റസ് ,അബാദ് ന്യൂക്ലിയസ് മാൾ |
| 39 | എമിറേറ്റ്സ് എയർലൈൻ, എ.എം.വി ടവർ ,കുണ്ടന്നൂർ |
| 40 | റീച്ച് കെമിക്കൽസ് ആന്റ് ബയോളജിക്കൽസ്, മരട് |
| 41 | ഇ.വി.എം ഫോക്സ് വാഗൺ,കണ്ണാടിക്കാട് |
| 42 | പോർഷെ സെന്റർ കൊച്ചി, മരട് |
| 43 | ജീപ്പ്,ജി.എം.എ ,കുണ്ടന്നൂർ |
| 44 | റെനോൾട്ട് മരട് ,നെട്ടൂർ |
| [illegible] | [illegible] |

| | |
|---|---|
| 45 | മിത്സുബിഷി മോട്ടോഴ്സ് മരട് |
| 46 | ഓഡി കൊച്ചി, മരട് |
| 47 | നക്ഷത്ര ഗോൾഡ് ആൻറ് ഡയമണ്ട്സ്, നെട്ടൂർ |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ഈ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഓഡിറ്റ് വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിൻറെ പേര് |
|---|---|
| 1 | രാമൻ മെമ്മോറിയൽ എൽ.പി സ്കൂൾ, നെട്ടൂർ |
| 2 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് ആൻറ് ഇൻവെസ്റ്റ്മെൻറ്സ്, മരട് |
| 3 | നായർസ് ഹോസ്പിറ്റൽ, മരട് |
| 4 | പി.എസ് മിഷൻ ഹോസ്പിറ്റൽ, മരട് |
| 5 | ഡോ.ഷേണായിസ് കെയർ, നെട്ടൂർ |
| 6 | എമിറേറ്റ്സ് എയർലൈൻ, എ.എം.വി ടവർ, കുണ്ടന്നൂർ |
| 7 | ഇ.വി.എം ഫോക്സ് വാഗൺ, കണ്ണാടിക്കാട് |
| 8 | പോർഷെ സെൻറർ കൊച്ചി, മരട് |
| 9 | ജീപ്പ് ജി.എം.എ, കുണ്ടന്നൂർ |
| 10 | റെനോൾട്ട്, മരട്, നെട്ടൂർ |
| 11 | മിത്സുബിഷി മോട്ടോഴ്സ്, മരട് |
| 12 | ഓഡി കൊച്ചി, മരട് |
| 13 | നക്ഷത്ര ഗോൾഡ് ആൻറ് ഡയമണ്ട്സ്, നെട്ടൂർ |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ഈ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. തൻവർഷം നഗരസഭയുടെ മരാമത്ത് വേലകൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെ ചേർത്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരൻറെ പേര് |
|---|---|
| 1 | ടി.കെ വർഗ്ഗീസ് |
| 2 | കെ.കെ ഗോപിനാഥൻ |
| 3 | കെ.പി.ജോസഫ് സ്റ്റാൻലി |

| | |
|---|---|
| 4 | ആർ.ആർ തോമസ് |
| 5 | ജിനു ജോർജ് |
| 6 | രഞ്ജിത്ത്.ഐ.ആർ |
| 7 | ജേക്കബ് ഡിയാരിഷ് |
| 8 | വിനോയ് ആന്റണി |
| 9 | അബ്ദുൾ സലാം |
| 10 | എ.എക്സ്.ജോസഫ് |
| 11 | റെജി.കെ.ഡേവിഡ് |
| 12 | ഫ്രാൻസിസ് ദേവസ്യ |
| 13 | കെ.വി.ജോസഫ് |
| 14 | മെൽവിൻ ജോസഫ് |
| 15 | പീറ്റർ.കെ.എ |
| 16 | എൻ.പി.ജോർജ് |
| 17 | പി.ജി.റോയ് |
| 18 | രാജീവ്.കെ.പി |
| 19 | പി.ഡി.ജോസഫ് |
| 20 | നിക്സൺ തോമസ് |

4. പ്രൊഫഷണലുകൾ, ആധാരം എഴുത്തുകാർ, എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽചേർത്ത അപാകതകൾ സൂചിപ്പിച്ച് 25-11-2019 ന് എൻക്വയറി (നം.19) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

നഗരസഭയിൽ 2018-2019 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) 2018-2019 സാമ്പത്തിക വർഷം താഴെ ചേർത്ത സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് ഫീസ് അടച്ച് ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | XII/182,XII/13 | ബെസ്റ്റ് ബേക്കേഴ്സ് ,മരട് |
| 2 | XII/388 A2 | തനിമ ഓൺലൈൻ ബുട്ടിക്ക്, വടക്കുംതല,മരട് |
| 3 | XI/165(1) | കെരക്കോൾ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്,മരട് |
| 4 | XI/306(a) | സ്വപ്ന ഡ്രഗ്സ്, കുണ്ടന്നൂർ |
| 5 | XI/583 | ബി&ജി വെഡ്ഡിംഗ് ബുട്ടിക്ക് കുണ്ടന്നൂർ |
| 6 | XI/598 | ലാ വോഗ് ബ്യൂട്ടി പാർലർ, ലേ മെറിഡിയൻ, കുണ്ടന്നൂർ |

| | | |
|---|---|---|
| 7 | XI/602,XI/603 | ഓറിയന്റൽ, കുണ്ടന്നൂർ |
| 8 | XI/205 | ഫോർറൺകമ്പ്യൂട്ടേഴ്സ്&സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, കുണ്ടന്നൂർ |
| 9 | XI/538 A | സേറ ആർട്ട്&ക്രാഫ്റ്റ്, കുണ്ടന്നൂർ |
| 10 | XI/329 | സീഫുഡ് എക്സ്പോർട്ടിംഗ്, കുണ്ടന്നൂർ, നജീബ് എം.എം |
| 11 | XI/554 | സൈന ഫുഡ്സ്, കുണ്ടന്നൂർ |
| 12 | XIV/39 m2 | ബൂട്ടിക്ക്&ബോഡി ആർട്ട്, അബാദ് ന്യൂക്ലിയസ് മാൾ |
| 13 | XIV/392 z(1) | നെസ്റ്റ് 4യു പ്രോപ്പർട്ടി മാനേജ്മെന്റ്, അബാദ് ന്യൂക്ലിയസ് മാൾ |
| 14 | XIV/130,XIV/131 | 7th ഐ സ്റ്റുഡിയോ,മരട് |

ലൈസൻസ് ഫീ അടയ്ക്കാത്തവരിൽ നിന്നും ഈടാക്കേണ്ടതും അല്ലാത്ത പക്ഷം ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ബി)2011ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ പട്ടിക I ക്രമനമ്പർ 95 പ്രകാരം കല്ല്യാണ മണ്ഡപങ്ങൾ,വിവാഹങ്ങൾ നടത്തപ്പെടുന്ന ഓഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും അവയുടെ നിലവാരമനുസരിച്ച് 4000 രൂപ മുതൽ 6000 രൂപ വരെ ഈടാക്കേണ്ടതാണ്.എന്നാൽ മരട് നഗരസഭയിൽ 2018-2019 സാമ്പത്തിക വർഷം ഇവയിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഇപ്രകാരം നഗരസഭ പരിധിയിലെ ലൈസൻസ് അടവാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ.ജെ ഹാൾ, മരട്
2. സിംഫണി ഹാൾ, അബാദ് ന്യൂക്ലിയസ് മാൾ
3. നന്ദനം ഓഡിറ്റോറിയം, കുണ്ടന്നൂർ
4. ശ്രീദേവി ഓഡിറ്റോറിയം, കുണ്ടന്നൂർ
5. വാകേലച്ചൻ ഓഡിറ്റോറിയം, മരട്
6. ശ്രീനാരായണ സേവാ സംഘം ഓഡിറ്റോറിയം, നെട്ടൂർ
7. നെട്ടൂർ മഹൽ ഓഡിറ്റോറിയം

സി) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കി അതുപ്രകാരം ഡി ആൻഡ് ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യ പ്രകാരം ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതിയത് മൂലം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും ലൈസൻസ് ഫീ അടവാക്കിയിട്ടുണ്ടോയെന്നും ഉറപ്പാക്കാനായിട്ടില്ല.നഗരസഭ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കേണ്ടതും, കാലാകാലം പുതുക്കേണ്ടതും ആയത് പ്രകാരം രജിസ്റ്റർ തയ്യാറാക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

## 1-16 സുഫലം-പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ് 0035/19, |

| | |
|---|---|
| | കിഴങ്ങ്കൃഷി വികസനം |
| ബില്ല് നം, തീയതി, തുക | 12/18-19, 08.02.2019, 100000/- |
| അടങ്കൽ, ഫണ്ട് | 100000, വികസന ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, മരട് നഗരസഭ |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സർക്കാർ ഉത്തരവ് നം (കൈ) 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ കൃഷിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 24ാം ഇനം സുഫലം-കാർഷിക ഉത്പാദനവും കാർഷികാധിഷ്ഠിത ഉല്പന്ന നിർമ്മാണവും വിപണന ശ്യംഖലയും രൂപീകരിക്കൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് നടപ്പിലാക്കാവുന്ന പദ്ധതികളിലെ കൈവരിക്കേണ്ടുന്ന പ്രധാന ലക്ഷ്യം
പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഓരോ ജില്ലയ്ക്കും അനുയോജ്യമായ കാർഷിക വിളകൾ ഉല്പാദിപ്പിക്കുവാനും ,ഉല്പാദിപ്പിക്കുന്നവ കർഷകർക്ക് മതിയായ വില കിട്ടുന്ന തരത്തിൽ അതതിടങ്ങളിൽ വില്പന നടത്തുന്നതിനും അധികം വരുന്നവ ജില്ലാകേന്ദ്രങ്ങളിൽ എത്തിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി പ്രത്യേക ബ്രാന്റാക്കി പായ്ക്ക് ചെയ്ത് വിറ്റഴിക്കുന്നതിനും, പോഷക മൂല്യമുള്ളതും, വാണിജ്യ വ്യാവസായിക മൂല്യമുള്ളതുമായ എല്ലാ കാർഷിക വിളകളും ജില്ലയിലെ എല്ലാ സാദ്ധ്യതകൾക്കുമനുസരിച്ച് ഉല്പാദിപ്പിക്കുവാൻ സമയ ബന്ധിത പരിപാടി തയ്യാറാക്കുന്നതിനും, ഇങ്ങനെ ലഭ്യമാക്കുന്ന വിളകൾ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ നല്കി പ്രചരിപ്പിക്കുകയെന്നതുമാണ്. മേൽ പദ്ധതി നടപ്പിലാക്കുക വഴി മരട് നഗരസഭയ്ക്ക് എന്ത് തരത്തിലുള്ള നേട്ടമാണ് കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദീകരിക്കുവാനാവശ്യപ്പെട്ട് കൊണ്ട് 21.11.2019 ൽ നല്കകിയ 11ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നഗരസഭയിലെ കർഷകർ കേവലം 10 സെന്റ് മാത്രമുള്ളവരാണെന്നും ,വിഷരഹിത പച്ചക്കറികൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടിയാണ് ഈ പ്രോജക്ട് നടപ്പിലാക്കിയതുമെന്നാണ് മറുപടി ലഭ്യമാക്കിയത്. സർക്കാർ നിർദ്ദേശിക്കുന്ന മാതൃകയിൽ പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്ക്കരിക്കുവാനും, ആയത് നടപ്പിലാക്കുവാനും, തദ്വാര കർഷകർക്ക് ഗുണമുണ്ടാകുകയും ചെയ്താൽ മാത്രമേ അവരെ തുടർപ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുവാൻ കഴിയൂ.ആയതിനാൽ നടപ്പിലാക്കുന്ന പ്രോജക്ടുകളിലെ ലക്ഷ്യം കൈവരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വിവിധ വർഷങ്ങളിലായി ലഭിച്ച ചെക്കുകൾ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

2014 ജൂൺ മുതൽ നഗരസഭയിൽ വിവിധയിനങ്ങളിലായി ലഭിച്ച ചെക്കുകൾ തനത് ഫണ്ട് സൂക്ഷിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നം 7476001100000011ൽ വരവ് വന്നിട്ടുള്ളതായി കാണുന്നില്ല .വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | 378425 | 25.06.2014 | 230000 |
| 2 | 22 | 30.09.2014 | 23257 |

| | | | |
|---|---|---|---|
| 3 | 1 | 30.09.2014 | 23257 |
| 4 | 814143 | 23.10.2014 | 169603 |
| 5 | 3245 | 30.03.2015 | 2041 |
| 6 | 0003917 | 18.08.2015 | 1080000 |
| 7 | 22830 | 26.09.2016 | 6600 |
| 8 | 838283 | 24.09.2016 | 124437 |
| 9 | 898266 | 01.09.2016 | 13490 |
| 10 | 950309 | 03.09.2016 | 7950 |
| 11 | 067583 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 2000 |
| 12 | 777460 | 21.02.2017 | 1000 |
| 13 | 1555567 | 02.03.2017 | 469374 |
| 14 | 1555566 | 02.03.2017 | 411827 |
| 15 | 521949 | 22.03.2017 | 17840 |
| 16 | 864752 | 20.02.2018 | 1073 |
| 17 | 2385804 | 08.03.2018 | 2500 |
| 18 | 968675 | 14.03.2018 | 1250 |
| 19 | 2385819 | 22.03.2018 | 17339 |
| 20 | 000272 | 27.03.2018 | 13000 |
| 21 | 4015395 | 31.03.2018 | 10000 |
| 22 | 12 | 30.04.2012 | 200000 |
| ആകെ | | | 2827838 |

മേൽ വിവരിച്ച പ്രകാരം തുക ബാങ്ക് അക്കൗണ്ടിൽ വരാത്തതിന് ചെക്ക് നല്കിയവർക്കെതിരെ നഗരസഭ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് 28.11.2019 ൽ നല്കിയ 42-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത ചെക്ക് നല്കിയ വ്യക്തികളെ അറിയിച്ച് തുക തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല- തടസ്സം 233755/-രൂപ

മെഡിക്കൽ ഓഫീസർ (പിഎച്ച്സി), വളന്തകാട് 2018-19 സാമ്പത്തികവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക(ചെലവ് സ്റ്റേറ്റ്മെന്റ്പ്രകാരം) |
|---|---|---|
| 16/19 | കൊതുക് നിയന്ത്രണം | 40000/- |
| 20/19 | ബ്ലീച്ചിംഗ് പൗഡർ, കുമ്മായം വാങ്ങൽ | 49950/- |
| 238/19 | നഗരസഭയിലെ | 143805/- |

| | | |
|---|---|---|
| | ക്യാൻസർ രോഗികൾക്ക് കീമോതെറാപ്പി | |
| | ആകെ | 233755/- |

ടി വിഷയം സംബന്ധിച്ച് 22.11.2019ൽ നൽകിയ എൻക്വയറി നം 14 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ ഫയലുകൾ ലഭ്യമാക്കുന്നത് വരെ ടി ഇനങ്ങളിലുള്ള ചെലവ് 2,33,755/-/-രൂപ തടസപ്പെടുത്തുന്നു.

## 1-19 വയോമിത്രം ക്ലബുകളുടെ ക്ലിനിക്കുകളുടെ മെച്ചപ്പെട്ട സേവനം പദ്ധതി-വിനോദയാത്ര ചെലവ് (90000/- രൂപ) തടസ്സപ്പെടുത്തുന്നു

S0049/19,വയോമിത്രം ക്ലബുകളുടെ ക്ലിനിക്കുകളുടെ മെച്ചപ്പെട്ട സേവനം

| | |
|---|---|
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ, UPAD, മരട് നഗരസഭ |
| ചെലവുവിവരം (ബിൽ നം, ചെക്ക് നം,) | തുക |
| 12/23-3-19 | 90000/- |

സ.ഉ.(എം.എസ്) നമ്പർ 22/2018 തസ്വഭവ തീയതി 14-02-18 സബ്സിഡി മാർഗ്ഗരേഖ 8.4 (അനുബന്ധ വിഷയങ്ങൾ) പ്രകാരം ഉല്പാദനപരമല്ലാത്ത പരിപാടിയായ വിനോദയാത്രകൾ തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് എറ്റെടുക്കാൻ പാടില്ല എന്നിരിക്കെ വിനോദയാത്രയ്ക്കായി 90000/- രൂപ ചെലവഴിച്ചിട്ടുണ്ട് (ദ്വാരക ട്രാവൽസിനാണ് തുക നല്കിയിട്ടുള്ളത്)

കൂടാതെ 90000/- രൂപ ചെലവഴിച്ചതിന്റെ അനുബന്ധ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ടി വിഷയം സംബന്ധിച്ച് 25-11-2019ൽ നൽകിയ എൻക്വയറി നം 24ന് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഏതൊരിനത്തിനും തുക ചെലവഴിക്കേണ്ടി വരുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. അനുബന്ധ രേഖകൾ ഹാജരാക്കുന്നത് വരെ 90000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വൃക്കരോഗികൾക്ക് ഡയാലിസിസ് പദ്ധതിയിൽ അപാകത-തടസ്സം 1200000/- രൂപ

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | S0023/19, വൃക്കരോഗികൾക്ക് ഡയാലിസിസ് |
| അടങ്കൽ | 12,00,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ പി.എച്ച്.സി (വളന്തകാട്) |
| ചെലവുവിവരം (ബിൽ നം, ചെക്ക് നം,) | തുക |
| 1/15-1-19 | 920800 /- |

| | |
|---|---|
| 5/21-3-19 | 279200 /- |
| ആകെ | 12,00,000/- |

വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യതിന് പി.എസ് മിഷൻ ഹോസ്പിറ്റലിന് 12,00,000/- രൂപ നല്കിയിട്ടുണ്ട്.മേൽ പറഞ്ഞ പദ്ധതിയിലേക്ക് രോഗികളെ തെരഞ്ഞെടുത്തത് (അപേക്ഷ, ഡോക്ടറുടെ സാക്ഷ്യപത്രം), ഡയാലിസിസ് നടത്തുന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി ചെലവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. ടി വിഷയം സംബന്ധിച്ച് 25-11-2019ൽ നൽകിയ എൻക്വയറി നം 22ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ ചെലവ് തുക (12 00 000/- രൂപ) തടസ്സപ്പെടുത്തുന്നു.

## 1-21 മുൻകൂറുകൾ ക്രമീകരിച്ചില്ല

നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | മുൻകൂർ കൈപ്പറ്റിയ ആളിൻ്റെ പേര് | വൌച്ചർ നം. , ചെക്ക് നം. | ആവശ്യം | തുക |
|---|---|---|---|---|---|
| 1. | 28.07.2017 | ഷിബു കെ.എ്. | 102-7/17, 829977 | അങ്കണവാടി സ്ഥലം വാങ്ങൽ | 1,00,000/- |
| 2. | 07.10.2017 | ഷമീർ എം.പി. | 25-10/17, 136873 | കേരളോത്സവം | 1,10,000/- |
| 3. | 3.4.2018 | ഹുസ്സൈൻ പി എം | 17-4/18 | Demolition of unauthorised building | 15000/- |
| 4. | 14.8.2018 | ഹുസ്സൈൻ എ | - | സ്വാതന്ത്ര്യദിനാഘോഷം | 8000/- |
| 5. | 2.11.2018 | രാജേഷ് കുമാർ | 26-11/18 | റിപ്പയറിങ് | 6750/- |
| 6. | 20.12.18 | താരാദേവി | 106-12/18 | ടാക്സ് | 2300/- |
| 7. | 22.1.19 | സി ജെ വിൽസൺ | 76-1/19 | മരം മുറിക്കുന്നതിന് | 50000/- |
| 8 | 25.1.19 | “ | 88-1/19 | റിപ്പബ്ലിക് ദിനാഘോഷം | 5000/- |
| 9. | 25.1.19 | ഗ്രീഷ്മ എസ് | 89-1/19 | ക്വിസ് മത്സരം | 30000/- |
| 10. | 21.6.19 | സവിത വി സി | 85-6/19 | ഇലക്ട്രിക്കൽ മെയിന്റനൻസ് | 25000/- |

മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ബി) മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത തുകകൾ</u>

നഗരസഭയുടെ 2018-19 ക്യാഷ് ബുക്ക് പ്രകാരം മുൻകൂറായി നൽകിയിരിക്കുന്ന തുകകൾ, മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | തീയതി | മുൻകൂർ കൈപ്പറ്റിയ ആളിന്റെ പേര് | വൗച്ചർ നം., ചെക്ക് നം. | ആവശ്യം | തുക |
|---|---|---|---|---|---|
| 1. | 20.6.18 | ശ്രീ.ഹുസൈൻ.പി.എം | 89-6/18 | അയിനിതോട് കൈയേറ്റം ഒഴിപ്പിക്കൽ | 95000 /- |
| 2. | 23.8.18 | ശ്രീ.കലേഷ്.കെ.ആർ. | 67-8/18 | ഫെസ്റ്റിവൽ | 5000 |

| | | സി.എൽ.ആർ ഡ്രൈവർ | | അഡ്വാൻസ് | /- |
|---|---|---|---|---|---|

മേൽ മുൻകൂറുകൾ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിൻ്റെ വിവരങ്ങൾ ഹാജരാക്കേണ്ടതുമാണ്.

## 1-22 മുൻകൂർ തുക കൈപ്പറ്റിയിട്ടും മരുന്നുകൾ വിതരണം ചെയ്തില്ല -തടസ്സം 1731010/-രൂപ

മെഡിക്കൽ ഓഫീസർ പി.എച്ച്.സി (നെട്ടൂർ,വളന്തകാട്), ഹോമിയോ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിലേക്ക്, മരുന്നുകൾ വിതരണം ചെയ്യാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 1430700/- രൂപയും കേരള ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് സൊസൈറ്റിക്ക് 500000/- രൂപയും മുൻകൂറായി നല്കിയെങ്കിലും നാളിതു വരെ കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ മരുന്നുകൾ ലഭ്യമാക്കിയില്ല. കേരള ഹോമിയോപ്പതിക്ക് കോർപ്പറേറ്റീവ് സൊസൈറ്റിയാകട്ടെ 199690/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. 300310/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കാനുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം,പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം/ തീയതി | നല്കിയ തുക, തുക കൈപ്പറ്റിയത് | ലഭ്യമാക്കിയ മരുന്നുകൾ (വില) |
|---|---|---|---|
| 1/19,ഹോമിയോഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ,മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1,2-11-18 | 500000/-രൂപ കേരള ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് സൊസൈറ്റി | 199690 /- |
| 25/19,പാലേറ്റീവ് കെയർ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി(നെട്ടൂർ) | 1,15-12-18 | 415350/-രൂപ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 0 |
| 26/19,പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ ,മെഡിക്കൽ ഓഫീസർ പി.എച്ച്.സി(നെട്ടൂർ) | 2,15-12-18 | 300000/-രൂപ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 0 |
| 17/19,പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ ,മെഡിക്കൽ ഓഫീസർ പി.എച്ച്.സി (വളന്തകാട്) | 2,15-1-19 | 150000/-രൂപ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 0 |
| 18/19, പാലേറ്റീവ് കെയർ,മെഡിക്കൽ ഓഫീസർ പി.എച്ച്.സി(വളന്തകാട്) | 8,23-3-19 | 415350/-രൂപ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 0 |
| 19/19 ,ഫ്ലോട്ടിംഗ് ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി(വളന്തകാട്) | 3,15-1-19 | 150000/- രൂപ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 0 |

ടി വിഷയം സംബന്ധിച്ച് 25-11-2019ൽ നൽകിയ എൻക്വയറി നം 21ന് മെഡിക്കൽ ഓഫീസർ ഹോമിയോ മാത്രമേ മറുപടി ലഭ്യമാക്കിയുള്ളു. മെഡിക്കൽ ഓഫീസർ ഹോമിയോ ലഭ്യമാക്കിയ മറുപടിയിൽ 300310/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട് എന്നുമാത്രമാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ടി ഇനങ്ങളിലുള്ള ചെലവ് 1731010/-രൂപ തടസപ്പെടുത്തുന്നു.

## 1-23 നഗരസഭാപെൻഷൻ ഫണ്ട് വിവരങ്ങൾ ലഭ്യമാക്കിയില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി Employees Death Cum Retirement Benefit ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതത് മാസത്തെ ശമ്പളബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് തന്മാസം 15ാം തീയതിക്ക് മുമ്പ് {ചട്ടം- 8(1)} സെൻട്രൽ പെൻഷൻ ഫണ്ടിലേക്കടവാക്കേണ്ടതാണ്. ചട്ടം 6 പ്രകാരം നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും ഈ തുക, ഇതേ നിയമത്തിന്റെ ചട്ടം 10 പ്രകാരം രൂപീകരിച്ചിട്ടുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതും ഈ തുക തദ്ദേശ സ്ഥാപന സെക്രട്ടറി പ്രതിമാസ പെൻഷൻ വിതരണത്തിന് ഉപയോഗിക്കേണ്ടതുമാണെന്നും നിഷ്ക്കർഷിക്കുന്നു.
1997 -ലെ കേരളാ മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) റൂൾസ് പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% മാസവിഹിതം ആയി ഈടാക്കി മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.
മരട് നഗരസഭയുടെ പെൻഷൻ ഫണ്ടിനെ സംബന്ധിക്കുന്ന താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല

1. പെൻഷൻ അംശാദായമിനത്തിൽ 2018-19വർഷം അടവാക്കിയ തുകയുടെ വിശദവിവരങ്ങൾ
2. റെഗുലർ പെൻഷൻ, ഫാമിലി പെൻഷൻ എന്നീ ഇനങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ,
3. പെൻഷൻ വിഹിതമിനത്തിൽ ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ
4. പെൻഷൻ ഫണ്ടിനായി പ്രത്യേകം അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ
5. ഇതര നഗരസഭകളിൽ നിന്നും വിരമിച്ച ജീവനക്കാർ ഓപ്ഷൻ നൽകിയതിനെത്തുടർന്ന് ഈ നഗരസഭയിൽ നിന്നും പെൻഷൻ നൽകുന്നുണ്ടോ, ഉണ്ടെങ്കിൽ ഈ വിഹിതം തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ

നഗരസഭയിലെ റെഗുലർ വിഭാഗം ജീവനക്കാർ, കണ്ടിജന്റ് വിഭാഗം ജീവനക്കാർ, കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ (NPS) ചേർന്നിട്ടുള്ള ജീവനക്കാർ എന്നിവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പിടിച്ചതിന്റെയും, അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ, അസ്സൽ ചെലാൻ, നഗരകാര്യഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് നൽകിയ അലോട്ട്മെന്റുകളുടെ വിവരം, ബന്ധപ്പെട്ട ഫയലുകൾ, ബന്ധപ്പെട്ട ബാങ്ക് /ട്രഷറി അക്കൗണ്ടുകളുടെ പാസ്സ്ബുക്കുകൾ എന്നിവയും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.
വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.1)ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 1-24 മരാമത്ത് ബിൽ തുകയിൽ നിന്നും GST തുക കുറവ് ചെയ്തിട്ടില്ല

താഴെപ്പറയുന്ന മരാമത്ത് വർക്കുകളുടെ കരാർ തുകയിൽ നിന്നും 2% GST

ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

**1. ഇന്റർലോക്ക് പേവിങ്-പ്രിയദർശിനി കോളനി ഡിവിഷൻ 11**

പ്രോജക്റ്റ് നം. SO 370/18

വൗച്ചർ നം. - 97-10/18,

കരാറുകാരൻ – ജേക്കബ് ഡയറിഷ്

കരാറുകാരന് നൽകിയ തുക- 406608/-രൂപ

ചെക്ക് നം. - 215088/31.10.18

ചെയ്ത ജോലിയുടെ മൂല്യം - 414906.00

CGST 1% = 4149.00
SGST 1% = 4149.00 രൂപ ആകെ 8298/- രൂപ കരാറുകാരന്റെ ബില്ലിൽ നിന്നും കുറച്ചിട്ടില്ല. ടി തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അടക്കേണ്ടതാണ്.

**2. എ.ഡി.എസ് ബിൽഡിങ്ങിന്റെ നിർമ്മാണം**

വൗച്ചർ നം. - 96-10/18,

കരാറുകാരൻ – കെ വി ജോസഫ്

കരാറുകാരന് നൽകിയ തുക- 920091/-രൂപ

ചെക്ക് നം. - 215087/31.10.18

ചെയ്ത ജോലിയുടെ മൂല്യം - 938869/-

CGST 1% = 9389.00
SGST 1% = 9389.00 രൂപ ആകെ 18778.00 രൂപ കരാറുകാരന്റെ ബില്ലിൽ നിന്നും കുറച്ചിട്ടില്ല. ടി തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അടക്കേണ്ടതാണ്.

## 1-25 വയോജനങ്ങൾക്ക് ഭക്ഷണം, പോഷകാഹാര കിറ്റ് നൽകൽ പദ്ധതി- അപാകത

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0048/18, വയോജനങ്ങൾക്ക് ഭക്ഷണം, പോഷകാഹാര കിറ്റ് നൽകൽ |
| അടങ്കൽ | 750000/- |
| നിർവ്വഹണം | പ്രോജക്റ്റ് ഓഫീസർ, UPAD, മരട് നഗരസഭ |
| ചെലവുവിവരം (ബിൽ നം,ചെക്ക് നം,) | തുക |
| 4 /5-11-18 | 277200/- |
| 9/5-1-19 | 122800/- |
| 969382/24-1-19 | 246008/- |

| ആകെ | 646008/- |
|---|---|

നഗരസഭയിലെ 1221വയോജനങ്ങൾക്ക് പോഷകാഹാര കിറ്റ് നൽകുന്നതിന് തൻവർഷം 4 ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിന് വികസനഫണ്ട് ചെലവഴിക്കുന്നതിന് സ.ഉ.(എം.എസ്) നമ്പർ 22/2018 തസ്വഭവ തീയതി 14-2-18 സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല. . ഇവ നൽകുന്നതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം23/25-11-19) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് പദ്ധതി നടപ്പിലാക്കിയത് ശരിയായ നടപടിയില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഏതൊരിനത്തിനും തുക ചെലവഴിക്കേണ്ടി വരുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-26 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-നിർവ്വഹണ അപാകതകൾ

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി 2018-19 ൽ 246 വർക്കുകളുടെ 91995000/- രൂപയുടെ ആക്ഷൻ പ്ലാൻ 2018 മാർച്ച് 19ന് ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചു. 31വാർഡുകളിലായി 282052 മനുഷ്യ ദിനമാണ് വിഭാവനം ചെയ്തിരുന്നത്. നഗരസഭയിലെ ആകെ തൊഴിൽ കുടുംബങ്ങളുടെ എണ്ണം 2018-19 ൽ പുതിയതായി ഉൾപ്പെടുത്തിയ 107കുടുംബങ്ങൾ അടക്കം 1206 ആണ്. പരമാവധി നൽകാൻ കഴിയുന്ന 100 തൊഴിൽ ദിനങ്ങൾ കണക്കാക്കിയാൽ തന്നെ 120600 തൊഴിൽ ദിനങ്ങൾ നൽകാനേ നഗരസഭക്ക് സാധിക്കൂ എന്നിരിക്കെ 282052 തൊഴിൽ ദിനങ്ങൾ പ്രതീക്ഷിച്ചതിൽ യാതൊരു യുക്തിയും കാണുന്നില്ല. യഥാർത്ഥത്തിൽ ലഭിച്ചത് 17169 മനുഷ്യദിനങ്ങളാണ്. 100 തൊഴിൽ ദിനങ്ങൾ നല്കാൻ കഴിഞ്ഞത് ഒരു കുടുംബത്തിന് മാത്രമാണ്. യാഥാർത്ഥ്യ ബോധത്തോടെ മനുഷ്യദിനങ്ങൾ കണക്കു കൂട്ടേണ്ടതാണ്.

ആക്ഷൻ പ്ലാനിലെ വർക്കുകളിൽ ഭൂവികസനം, മാലിന്യശേഖരണവും സംസ്കരണവും മൃഗസംരക്ഷണം, വനവത്കരണം, കയർഭൂവസ്ത്രം എന്നിവ ഒന്നു പോലും നടത്താൻ കഴിഞ്ഞിട്ടില്ല. ജനോപകാരപ്രദവും ആസ്തികൾ സൃഷ്ടിക്കുന്നതുമായ പ്രവൃത്തികൾ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തി ചെയ്യുന്നതായിരിക്കും നല്ലത് എന്ന് അഭിപ്രായപ്പെടുന്നു. ഓഡിറ്റ് വർഷത്തെ വേതനച്ചെലവ് 4652942/- രൂപയും സാധന വില 89547/- രൂപയും അടക്കം ആകെ 4742489/- രൂപയാണ് പ്രവൃത്തികളുടെ ചെലവ്. ഭരണച്ചെലവ് 748302/- രൂപയാണ് (9.5 ശതമാനം). ഭരണച്ചെലവ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള 5.5 ശതമാനത്തിൽ നിജപ്പെടുത്തേണ്ടതാണ്.

## 1-27 വാസഗൃഹം ക്രമവൽക്കരണം -CRZ ലംഘനം പരിഗണിക്കാതെ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ്-നൽകി

ഫയൽ നം E2-RA/46/18

മരട് വില്ലേജിൽ ശ്രീ ബാബു ജോൺ, ഡെയ്സി ബാബു ജോൺ, പാലത്തുംപാട് വീട്, തിട്ടമ്മേൽ, ചെങ്ങന്നൂർ, ആലപ്പുഴ എന്നീ വ്യക്തികളുടെ പേരിലുള്ള സർവ്വേ നം (പഴയ സർവ്വേ നം എസ് 117/18) S 380/3,S 380/4-5-8 പെടുന്ന 51 സെന്റ് സ്ഥലത്ത് 1566.77എം2 വിസ്തീർണ്ണമുള്ള വാസഗൃഹം പണിയുന്നതിന് 15.07.2010 ൽ E2/A3/6425/10 നമ്പർ പ്രകാരം പെർമിറ്റ് നല്കിയിരുന്നു. ടി സ്ഥലത്ത് മേൽ പെർമിറ്റ് പ്രകാരം വാസഗൃഹത്തിന്റെ പണി

ആരംഭിച്ചെങ്കിലും CRZ ലംഘനം നടന്നിട്ടുണ്ട് എന്ന പരാതിയിന്മേൽ മുനിസിപ്പൽ എഞ്ചിനീയർ സൈറ്റ് പരിശോധിക്കുയും അദ്ദേഹം നല്കിയ PWO-1ന്റെ 02.06.2011 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 03.08.2011സെക്രട്ടറി കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തു. ഇതിനിടയിൽ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് (നഗരകാര്യം) ശ്രീ.ജിജു.പി.മത്തായി, ശ്രീമതി അച്ചാമ്മ ജിജു, പുരപ്പാടത്ത് വീട്, മുളന്തുരുത്തി എന്നിവർ മരട് നഗരസഭയ്ക്കെതിരെ പരാതി നല്കി. എന്നാൽ പരാതി CRZ ലംഘനം നടത്തി എന്ന വസ്തുത മറച്ച് വെച്ചുകൊണ്ടുള്ളതായിരുന്നു. 28.12.2012 ൽ ബഹു. റീജിയണൽ ജോയിന്റ് ഡയറക്ടർ ജി5-5050/2012 ലെ കത്ത് പ്രകാരം ടി കെട്ടിട ഉടമയ്ക്കെതിരെ ഇപ്പോൾ നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ പുന:പരിശോധിച്ച് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നല്കി പരാതിയിൽ തീർപ്പ് കല്പിച്ച് ഉത്തരവായി.

ഇതിനിടയിൽ ഈ വിഷയം ബഹു.തദ്ദേശ സ്വയംഭരണ ട്രൈബ്യൂണൽ കോടതിയുടെ 987/13,1093/13 നമ്പർ കേസുകളാകുകയും, ബഹു.തദ്ദേശ സ്വയംഭരണ ട്രൈബ്യൂണൽ കോടതിയുടെ വിധിയിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 406 പ്രകാരം സെക്രട്ടറിക്ക് പ്രവർത്തിക്കുവാൻ അനുവാദം നല്കുകയും ആയതനുസരിച്ച് 03.08.2011 ൽ, സൈറ്റ് പ്ലാനിൽ പുഴയുടെ സാമീപ്യം രേഖപ്പെടുത്താതെ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ചാണ് പെർമിറ്റ് കരസ്ഥമാക്കിയതെന്ന് ബോധ്യപ്പെട്ടിരിക്കുന്നു എന്ന് രേഖപ്പെടുത്തി E2/A3/6425/10 നമ്പർ പ്രകാരം നല്കിയ പെർമിറ്റ് റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് നഗരസഭയിലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സൈറ്റ് പരിശോധിക്കുകയും അതിനെത്തുടർന്ന് 11.02.2013 തീയതിയിൽ ചേർന്ന പൊതുമരാമത്ത് സ്റ്റാന്റിംങ് കമ്മറ്റി യോഗത്തിലെ III(1)ാം നമ്പർ തീരുമാനപ്രകാരം ഇതിന്റെ നിർമ്മാണപ്രവൃത്തികൾ അടിയന്തരമായി നിർത്തിവെയ്ക്കുന്നതിന് വേണ്ട സത്വരനടപടികൾ സ്വീകരിക്കുന്നതിന് ബഹു.നഗരകാര്യ സെക്രട്ടറിയോട് ആവശ്യപ്പെടാനും തീരുമാനിച്ചിട്ടുള്ളതാണ്.

നഗരസഭയക്കെതിരായും സെക്രട്ടറിക്കെതിരായും പരാതി നല്കിയ ശ്രീ.ജിജു.പി.മത്തായി ,ശ്രീമതി അച്ചാമ്മ ജിജു, പുരപ്പാടത്ത് വീട് , മുളന്തുരുത്തി എന്നിവരിൽ നിന്ന് 13.09.2013 ൽ ശ്രീ ബാബു ജോൺ, ഡെയ്സി ബാബു ജോൺ, പാലത്തുംപാട് വീട്, തിട്ടമ്മേൽ, ചെങ്ങന്നൂർ, ആലപ്പുഴ എന്നിവർ വസ്തു വാങ്ങുകയും, ഇരുകൂട്ടരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WP(C) 6297/2015 (J) കേസിലുള്ള 27.02.2015 ലെ വിധിന്യായ പ്രകാരം ബഹു.തദ്ദേശ സ്വയംഭരണ ട്രൈബ്യൂണൽ കോടതിയുടെ 987/13,1093/13 നമ്പർ കേസുകളിൽ മേലുള്ള വിധിയുടെ സ്റ്റാറ്റസ് കോ നിലനിർത്തിയിട്ടുള്ളതുമാണ്.

എന്നാൽ ടി വിധിന്യായം നിലനിൽക്കെ, അന്നത്തെ മരട് നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ അനിൽ കുമാർ.ബി 02.07.2018 ൽ E2/6132/2018 പ്രകാരം 28.12.2012 ലെ ബഹു. റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ജി5-5050/2012 ാം നമ്പർ ഉത്തരവിനെ അടിസ്ഥാനമാക്കി ഒറ്റദിവസം കൊണ്ട് ടി കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കി. അതിനെതിരായി 26.09.18, 28.02.19, 02.10.2019 എന്നീ തീയതികളിലായി നഗരസഭ വൈസ് ചെയർമാൻ ശ്രീ ബോബൻ നെടുംപറമ്പിൽ മരട് നഗരസഭ സെക്രട്ടറിക്ക് പുഴ കൈയ്യേറിയും സി.ആർ.ഇസെഡ് ലംഘനം നടത്തിയും നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടം പൊളിച്ചുകളയണമെന്ന് ആവശ്യപ്പെട്ട് കത്ത് നല്കിയിരുന്നു. കൂടാതെ അദ്ദേഹം ഗവൺമെന്റ് സെക്രട്ടറിക്ക് പരാതിയും നല്കിയിട്ടുള്ളതാണ്.

കെട്ടിടം നിർമ്മിക്കുന്നതിനെതിരെ മരട് നഗരസഭ സ്റ്റോപ്പ് മെമ്മോ നല്കിയിട്ടുണ്ടെങ്കിൽ ആയതും, സർക്കാരിലേക്ക് ബഹു.തദ്ദേശ സ്വയംഭരണ

ട്രൈബ്യൂണൽ കോടതിയുടേയും ബഹു.കേരള ഹൈക്കോടതിയുടേയും വിധിപ്പകർക്ക് നഗരസഭയിൽ നിന്നും നല്കിയിട്ടുണ്ടെങ്കിൽ ആയതും കത്ത് സഹിതം ഓഡിറ്റിന് ഹാജരാക്കുവാനും, CRZ ലംഘനത്തിൽ ഉൾപ്പെടുന്ന ഭൂമിയാണോയെന്ന് തെളിയിക്കുന്ന റവന്യൂ രേഖകൾ പരിശോധിച്ചിട്ടാണ് ടി കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ളതെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാനും, ടി കെട്ടിടം പണിയുന്നതിന് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതും ഓഡിറ്റിനായി ഹാജരാക്കുവാനും ആവശ്യപ്പെട്ട് കൊണ്ട് 28.11.2019 ൽ നല്കിയ 41ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ വാസഗൃഹവുമായി ബന്ധപ്പെട്ട കോടതി വിധിയനുസരിച്ച് നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെയ്ക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (പി) 13/12/പി.ഡബ്ല്യൂ.ഡി/ 1.12.2012 പ്രകാരം പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം ഫൈനില്ലാതെയും തുടർന്നുള്ള 10 ദിവസത്തിനകം 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. അല്ലാത്തപക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടുകെട്ടേണ്ടതാണ്. എന്നാൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനം പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നിട്ടും ഫൈൻ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

.

| ക്രമ നമ്പർ | പ്രോജക്ട് നം | പി.എ.സി | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | എഗ്രിമെന്റ് വെച്ച തീയതി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|
| 1 | 132/19, നങ്ങ്യാരത്ത് തെക്കേപൊട്ടു പുരയ്ക്കൽ റോഡുകൾ ടൈൽ വിരിക്കൽ- ഡിവിഷൻ 29 | 929506 | ശ്രീ.കെ.വി.ജോസഫ്, കരീക്കൽ | 22.11.2018 | 10.1.19 | 9295 |
| 2 | 219/19, കിരൺ ലെയിൻ ടാറിംഗ് | 496486.83 | കെ.കെ.ഗോപിനാഥൻ | 1.1.2019 | 21.1.2019 | 4965 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/19/ 26.11.19) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്ന് തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 നിശ്ചിതമൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചില്ല

പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2010, കേരള ഫിനാൻസ് ആക്ട് 2018(4) (a) (f) എന്നിവ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർ തുകയുടെ 0.1% മൂല്യമുള്ള

മുദ്രപ്പത്രത്തിൽ മിനിമം 200 രൂപ പരമാവധി ഒരു ലക്ഷം എന്ന പരിധിക്ക് വിധേയമായി കരാർ ചമയേണ്ടതാണ്. എന്നാൽ കുറഞ്ഞ തുകയ്ക്കുള്ള മുദ്ര പത്രത്തിൽ മാത്രം കരാർ വെച്ചതിനാൽ മുദ്രപത്രവിലയിനത്തിൽ സംസ്ഥാന സർക്കാറിന് ചുവടെ ചേർത്തിട്ടുള്ളവിധം 3430 /- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | കരാറുകാരൻ | കരാർ തുക | കരാർ വെച്ച മുദ്രപത്ര വില | കരാർ വെക്കേണ്ട മുദ്രപത്ര വില | നഷ്ടം |
|---|---|---|---|---|---|---|
| 1 | 130//19 ചേരിപ്പറമ്പ് റോഡിൽ ടൈൽ വിരിക്കൽ- ഡിവിഷൻ 27 | ശ്രീ കെ.കെ. ഗോപിനാഥൻ | 641725 | 100 | 650 | 550 |
| 2 | 73/19, നേതാജി റോഡ് ടൈൽ സ്ലാബ് | ടി.കെ.വർഗ്ഗീസ്, | 479797 | 200 | 480 | 280 |
| 3 | 207/19 തോമസ്സുരം പുഴയോരം റോഡ് | പി.ഡി.ജോസഫ് | 1663423 | 200 | 1670 | 1470 |
| 4 | (343/19)115/18 പി.ഡബ്ല്യു.ഡി റോഡ് ഹോണ്ട സർവ്വീസ് സെന്ററിന് സമീപം പുറക്കേലി ബൈലെയിൻ കാന, സ്ലാബ് | ഒ.എം.അബ്ദുൾ സലാം | 1328113 | 200 | 1330 | 1130 |
| | | | | | **ആകെ** | **3430** |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (34/26.11.19) തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-30 എ.ബി.സി പ്രോഗ്രാം -തെരുവ് നായ നിയന്ത്രണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ -7/19, നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നമ്പർ-31/19/15.11.18 -200000, തനത് ഫണ്ട് ചെക്ക് നമ്പർ - 969356/15.10.18 - 420000

നഗരസഭയിലെ തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് മുൻകൂറായി 620000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നടപ്പിലാക്കിയതിന്റെ കൃത്യമായ രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഈ തുക വിനിയോഗിച്ച് എത്ര നായ്ക്കളെ വന്ധീകരിച്ചെന്നതിന് ജില്ലാമിഷൻ കോ-ഓഡിനേറ്റർ സാക്ഷ്യപത്രം നൽകിയിട്ടില്ല. കുടുംബശ്രീ മിഷനുമായി ഏർപ്പെട്ടിട്ടുള്ള എഗ്രിമെന്റ് പ്രകാരം എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ABC പ്രവർത്തനങ്ങൾക്കായി പ്രാദേശികമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി രൂപീകരിച്ചതായോ

മോണിറ്ററിംഗ് റിപ്പോർട്ടോ ഫയലിൽ ഇല്ല. വാർഡ് കൗൺസിലർമാരുടെ സഹകരണത്തോടെ വിവിധ പ്രദേശങ്ങളിൽ നിന്നും നായ്ക്കളെ പിടികൂടി സർജറിക്ക് ശേഷം പിടിച്ച സ്ഥലത്തുതന്നെ തിരികെ വിടേണ്ടതാണ്. എന്നാൽ ഏതെല്ലാം വാർഡുകളിൽ നിന്ന് എത്രവീതം നായ്ക്കളെ പിടികൂടി വന്ധ്യംകരണം ചെയ്തു എന്നും, അധികം തുക നൽകിയിട്ടുണ്ടോ എന്നും പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (23/26.11.19) ന് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്കായി 620000/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തനത് ഫണ്ടിൽ നിന്നും ഈ പദ്ധതിക്കായി ചെലവഴിച്ച 420000/- രൂപയുടെ ചെലവ് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-31 ലൈഫ് & പി.എം.എ.വൈ ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ ലൈഫ് & പി.എം.എ.വൈ ഭവന പദ്ധതി (പ്രോജക്ട് നമ്പർ 117/19) പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽ താഴെ പറയുന്നവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ആനുകൂല്യം കൈപ്പറ്റിയവരുടെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഫിലോമിന, പള്ളിപ്പറമ്പിൽ, വാർഡ്-7 | 310000 |
| 2 | ബിന്ദു രാജു ,വാർഡ് 26 | 310000 |
| 3 | സിനി കെ.പി, വാർഡ് 1 | 270000 |
| 4 | മാധവി, വാർഡ് 6 | 310000 |
| 5 | കെ.ജി.ഉല്ലാസ്, വാർഡ് 1 | 270000 |
| 6 | രമേഷ്.കെ.എം, വാർഡ് 11 | 270000 |
| 7 | മുരളി.സി.കെ വാർഡ് 5 | 30000 |
| 8 | ഐഷാബീവി ഫറൂഖ്, വാർഡ് - 23 | 350000 |
| 9 | ഷാജി.ടി.ആർ, വാർഡ് 19 | 270000 |
| 10 | വർഗ്ഗീസ്.എൻ.എക്സ്, വാർഡ് 30 | 270000 |
| 11 | ഷേർളി എം.ഡി, വാർഡ് 4 | 310000 |
| 12 | വാലൻറീന, വാർഡ് 8 | 270000 |
| 13 | സെൽവരാജ് ജോൺ, വാർഡ് 28 | 350000 |
| 14 | മാർട്ടിൻ ജോസഫ്, വാർഡ് -30 | 350000 |
| 15 | ശിവരാമൻ.ഇ.എൻ, വാർഡ് -10 | 350000 |
| 16 | അജിതശിശുപാലൻ, വാർഡ് -2 | 350000 |
| 17 | അനിൽകുമാർ.കെ.പി, വാർഡ്-25 | 190000 |
| 18 | എ.കെ.അശോകൻ, വാർഡ്-30 | 350000 |

| | | |
|---|---|---|
| 19 | രേണുക ഉണ്ണി വാർഡ്- 18 | 350000 |
| 20 | സേവ്യർ ജോസഫ് കീരന്തറ, വാർഡ്-20 | 360000 |
| 21 | അമ്മിണി ആയത്ത് പറമ്പിൽ, വാർഡ്-6 | 200000 |
| 22 | ജോയ് കെ.എ, മണക്കാട്ടുപറമ്പിൽ, വാർഡ്- 30 | 360000 |
| 23 | അജിതകുമാരി, വെലിത്തിപറമ്പിൽ, വാർഡ്-30 | 360000 |
| 24 | ലീലഗോപാലൻ, തെക്കേടത്ത്, വാർഡ്-14 | 360000 |
| 25 | ട്രീസ വി.കെ, വട്ടപ്പറമ്പിൽ, വാർഡ്- 21 | 360000 |
| 26 | ഹേമസന്തോഷ്, പാക്കക്കാലപ്പടി, വാർഡ്-18 | 200000 |
| 27 | സന്ധ്യാസതീശൻ, പാക്കക്കാലപ്പടി, വാർഡ്-18 | 40000 |
| 28 | ശിവിമ സുധാകരൻ, തൈപ്പറമ്പിൽ, വാർഡ്-31 | 360000 |
| 29 | റോസിലി സെബാസ്റ്റ്യൻ, വാർഡ്-30 | 360000 |
| 30 | ഷിജിഹാരിസ്, വാർഡ്-2 | 360000 |
| 31 | ബീമആഷിക്, വാർഡ്-26 | 360000 |
| 32 | മറിയക്കുട്ടി, വാർഡ്-9 | 360000 |
| 33 | പത്മാക്ഷിനാരായണൻ, വാർഡ്- 19 | 200000 |
| 34 | റെജി ചക്കനാട്ട്, വാർഡ്-14 | 200000 |
| 35 | സുലേഖ പരീത്, വാർഡ്-25 | 40000 |
| 36 | രമേശൻ മണ്ണൂർപിള്ളി, വാർഡ്-19 | 40000 |
| 37 | ചന്ദ്രിക, വാർഡ്-10 | 200000 |
| 38 | ഗിരിജ, വാർഡ്- 10 | 200000 |
| 39 | ഗിരിജ വി.ജി, വാർഡ്- 28 | 200000 |
| 40 | ബാലകൃഷ്ണൻ.വി.വി, വാർഡ്-31 | 360000 |
| 41 | രാമചന്ദ്രൻ.വി.എസ്, വാർഡ്- 31 | 360000 |
| 42 | പ്രീതി.സി.എസ്, വാർഡ്-32 | 200000 |
| 43 | ഷമീനജലാൽ, വാർഡ്- 28 | 360000 |
| 44 | സുനിത, വാർഡ്- 29 | 360000 |
| 45 | ബേബിഗോപി, വാർഡ്-4 | 360000 |
| 46 | റോസിമൈക്കിൾ, വാർഡ്-20 | 360000 |
| 47 | ചിന്നആന്റണി,വാർഡ്-27 | 360000 |

| | | |
|---|---|---|
| 48 | സബിത, വാർഡ്-29 | 360000 |
| 49 | ജാനെറ്റ്ജോണി,വാർഡ്-4 | 360000 |
| 50 | ജോസഫ്ഷോബിൻ പി.ജെ, വാർഡ്-7 | 360000 |
| 51 | ആനി റിയ പീറ്റർ, വാർഡ്-33 | 360000 |
| 52 | ഫ്ലമെനജോർജ്ജ്, വാർഡ്- 9 | 360000 |
| 53 | അജിത.ടി.കെ വാർഡ്-6 | 360000 |
| 54 | സിനി, വാർഡ്- 27 | 200000 |
| 55 | ചിന്താസുധീർ,വാർഡ്- 4 | 360000 |
| 56 | ഷൈലജ, വാർഡ്- 4 | 360000 |
| 57 | പത്മിനി, വാർഡ്- 4 | 360000 |
| 58 | ജയരമേശൻ, വാർഡ്-4 | 360000 |
| 59 | കുഞ്ഞുമണി.കെ.എൻ, വാർഡ്-30 | 360000 |
| 60 | ജെസ്സിജോസഫ്, വാർഡ്-26 | 360000 |
| 61 | ലളിത.കെ, വാർഡ്-11 | 20000 |
| 62 | ഷോഭമോഹനൻ, വാർഡ്-12 | 360000 |
| 63 | ഗിരിജ.എം.ജി,വാർഡ്-15 | 360000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (45/28.11.19) ക്ക് മറുപടി ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

## 1-32 കേരള വാട്ടർ അതോറിട്ടി നിക്ഷേപ പ്രവൃത്തി-സെന്റേജ് ചാർജ് അധികം നൽകി

1. കേരള വാട്ടർ അതോറിട്ടിയിൽ നിക്ഷേപ പ്രവൃത്തിയായി 63mm & 50mm GI പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വാട്ടർ അതോറിട്ടി തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റിൽ സെന്റേജ് ചാർജ് 12.5% നിരക്കിലാണ് കണക്കാക്കിയിരിക്കുന്നത്.

പി.ഡബ്ല്യു.ഡി മാനവൽ 1601.4 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്കുകളിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 10 % സെന്റേജ് ചാർജ് മാത്രമേ നൽകാവൂ. എന്നാൽ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തിയിൽ അധിക നിരക്കിൽ സെന്റേജ് ചാർജ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡിന്റെ പേര് /വാർഡ് നമ്പർ | ആകെ എസ്റ്റിമേറ്റ് തുക | വർക്കിംഗ്& മെറ്റീരിയൽ കോസ്റ്റ് (എസ്റ്റിമേറ്റ് പ്രകാരം) | എസ്റ്റിമേറ്റ് പ്രകാരം ഈടാക്കിയ സെന്റേജ് ചാർജ് (12.5%) | നല്കാവുന്ന സെന്റേജ് ചാർജ് (10 %) | അധികമായി നല്കിയ സെന്റേജ് ചാർജ് | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|---|---|---|
| 1 | 26 | 130000 | 107332.55 | 13416.57 | 10733.2 | 2683.37 | 802822/ 24.11.18 |

മേൽപ്പറഞ്ഞപ്രകാരം ഡെപ്പോസിററ് പ്രവൃത്തിക്കായി സെന്റേജ് ചാർജിനത്തിൽ 2683/-രൂപ അധികം നൽകിയിട്ടുണ്ട്.

2. മേൽ പ്രവൃത്തിക്ക് (തനത് ഫണ്ട് വൗച്ചർ നം. 56-11/18, 130000/- രൂപ) വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് താഴെപ്പറയുന്ന പ്രകാരമാണ്.

| | | |
|---|---|---|
| മെറ്റീരിയൽ കോസ്റ്റ് | - | 19276.00 |
| വർക്കിംഗ് ചാർജ് | - | 88056.55 |
| സെന്റേജ് ചാർജ് 12.5% | - | 13416.57 |
| | | ------------- |
| | | 120749.12 |
| Lumpsum round of | - | 9250.88 |
| | | ------------- |
| ആകെ (എസ്റ്റിമേറ്റ് തുക) | – | 130000.00 |

എസ്റ്റിമേറ്റ് തുകയായ 120749.12 രൂപയുടെ കൂടെ Lumpsum തുകയായി വലിയ തുകയായ 9250.88 രൂപ കൂട്ടിച്ചേർത്ത് round off ചെയ്തത് വഴി നഗരസഭക്ക് അധികച്ചെലവുണ്ടായി. ടി എസ്റ്റിമേറ്റ് പരിശോധന കൂടാതെ അംഗീകരിച്ചത് വിശദീകരിക്കേണ്ടതാണ്.
നഗരസഭക്കുണ്ടായ അധികച്ചെലവ് 11933/-രൂപ (2683+9250) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-33 വക്കീൽഫീസ് - ആദായനികുതി കിഴിവ് നടത്തിയിട്ടില്ല

1961 ലെ ആദായനികുതി നിയമത്തിലെ 194 (J) വകുപ്പ് പ്രകാരം പ്രൊഫഷണൽ ചാർജ് ഇനത്തിൽ ഒരു സാമ്പത്തികവർഷം 30000 രൂപയിൽ കൂടുതൽ നൽകിയാൽ സ്രോതസ്സിൽനിന്നു 10% നിരക്കിൽ നികുതി കുറവു ചെയ്ത് കേന്ദ്രസർക്കാരിലേക്ക് അടക്കേണ്ടതാണ്. എന്നാൽ മരട് നഗരസഭയിൽ 2018-19 സാമ്പത്തികവർഷം വക്കീൽഫീസ് ഇനത്തിൽ 143410/-രൂപ നൽകിയെങ്കിലും സ്രോതസിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നം./ തീയതി | തുക | വക്കീലിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 444584/3.5.18 | 31000 | ഷാഹുൽ ഹമീദ് മൂപ്പൻ | ഫയൽ നം.E2-385/12 |
| 605581/24.8.18 | 45000 | കെ കെ രാജീവ് | “ |
| 605595/31.8.18 | 67410 | ഷാഹുൽ ഹമീദ് മൂപ്പൻ | “ |

വക്കീലുമാരായ ഷാഹുൽ ഹമീദ് മൂപ്പനിൽ നിന്നും 9841/- രൂപയും കെ കെ രാജീവിൽ നിന്നും 4500/- രൂപയും ആദായനികുതി കിഴിവ് നടത്തേണ്ടതാണ്.

## 1-34 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല

2018-19 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെപ്പറയുന്ന പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. ടി തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| നിർവഹണ ഏജൻസി/ | പ്രവൃത്തിയുടെ പേര് | ചെക്കനം./ വൗച്ചർ നം. | മുൻകൂർ നൽകിയ |
|---|---|---|---|

| വൗച്ചർ നം. | | | തുക |
|---|---|---|---|
| KWA E4-3964/17 | 63mm&50mm ജി ഐ പൈപ്പ് സ്ഥാപിക്കൽ, ഡിവിഷൻ 26 | 802822/24.11.18 | 130000.00 |
| KWA E4-939/17 | -ടി- ഡിവിഷൻ 7 | 65-2/19 | 70000.00 |
| KSEB E4-6662/18 | ലൈറ്റ് എക്സ്റ്റൻഷൻ ഡിവിഷൻ 5 | 201-3/19 | 88118.00 |

## 1-35 എസ്.എൽ.ഐ പ്രീമിയം - തുക കുറവ് ചെയ്യില്ല

സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് വകുപ്പിന്റെ 04.10.2016 ലെ സ.ഉ (അച്ചടി) നം149/16/ധന- പ്രകാരം അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി താഴെ ചേർത്തിട്ടുള്ള വിധം എസ്.എൽ.ഐ പ്രീമിയം വർദ്ധിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| അടിസ്ഥാന ശമ്പളം 17999 വരെ | 200/- രൂപ |
| അടിസ്ഥാന ശമ്പളം 18000 മുതൽ 35699 വരെ | 300/- രൂപ |
| അടിസ്ഥാന ശമ്പളം 35700 മുതൽ 55349 വരെ | 500/- രൂപ |
| അടിസ്ഥാന ശമ്പളം 55350 മുകളിൽ | 600/- രൂപ |

എന്നാൽ നഗരസഭയുടെ 02/2019 ലെ ശമ്പള ബില്ല് പ്രകാരം സാനിട്ടേഷൻ വർക്കേഴ്സ് ഉൾപ്പെടെ പല ജീവനക്കാരിൽ നിന്നും എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കാതിരിക്കുകയും ചില ജീവനക്കാരുടെ പ്രീമിയം തുക കുറവായി ഈടാക്കുകയും ചെയ്യുകാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | അടിസ്ഥാന ശമ്പളം | അടക്കുന്ന പ്രീമിയം | അടവാക്കേണ്ട പ്രീമിയം | കുറവ് |
|---|---|---|---|---|
| ജൂഡി പി പി, സൂപ്രണ്ട് | 43600 | 150 | 500 | 350 |
| വിൽസൺ സി ജെ, എച്ച്ഐ ഗ്രേ-II | 49200 | 380 | 500 | 120 |
| ശാലിനി സാം, ആർ ഐ | 34800 | 175 | 300 | 125 |
| സിബി പ്രവീൺ എസ്, JHI Gr.II | 31500 | - | 300 | 300 |
| ദീപ്തി സി എസ്, സീനിയർ ക്ലർക്ക് | 25850 | - | 300 | 300 |
| വിനീഷ് കെ പി, " | 25850 | - | 300 | 300 |
| അരുൺ ശേഖർ, " | 25850 | 250 | 300 | 50 |
| ഹസീന ടി എ, ലൈബ്രേറിയൻ | 22800 | - | 300 | 300 |
| ലെനിൻ കെ, | 35700 | - | 300 | 300 |

| | | | | |
|---|---|---|---|---|
| (ഒ.എ) | | | | |
| സുരേഷ് കെ ബി (ബിസി) | 27150 | 225 | 300 | 75 |
| സജീല എസ്, ക്ലർക്ക് | 19000 | - | 300 | 300 |
| താരാദേവി.എ ആർ,ക്ലർക്ക് | 19000 | - | 300 | 300 |
| ശ്രീബി ബി, LD Typist | 19000 | - | 300 | 300 |

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരമുള്ള തുക അടവാക്കാതിരിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ജി.ഐ.എസ് പ്രീമിയവും ആനുപാതികമായി വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 28.11.2019 ൽ നല്കിയ 38ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 1-36 ദേശീയ നഗര ഉപജീവന മിഷന്റെ (NULM)പ്രവർത്തനം-വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല

സംസ്ഥാന കുടുംബശ്രീ നോഡൽ ഏജൻസിയായി നിർവ്വഹണം ചെയ്തുവരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ (NULM) ബാങ്ക് അക്കൗണ്ട് (no. 263010100006621, Andra bank) നീക്കിയിരിപ്പ് വിവരങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

18-19 ലെ മുന്നിരുപ്പ് (RP40(a) പ്രകാരം) - 4,36,714.00 രൂപ

നീക്കിയിരുപ്പ് (RP40(b) പ്രകാരം - 1.00 രൂപ

സിറ്റി മിഷൻ മാനേജർ, മൾട്ടി ടാസ്ക് പേഴ്സൺ, കമ്മ്യൂണിറ്റി ഓർഗനൈസർ തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് നഗരസഭയിൽ നിന്നും വേതനം നൽകിവരുന്നുണ്ട്.

ഇത് സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1. തർവർഷം NULM ന് എച്ച് ആർ ഫണ്ടിനത്തിൽ ലഭിച്ച തുക
2. തർവർഷത്തെ ചെലവിന്റെ വിവരങ്ങൾ
3. നഗരസഭ ഫണ്ടിൽ നിന്നും ശമ്പളത്തിനും അനുബന്ധചെലവുകൾക്കുമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, തിരികെ ലഭിക്കുവാനുള്ള തുക
4. NULM ന്റെ നഗരസഭയിലെ പ്രവർത്തനങ്ങൾ, അതുവഴി പൊതുജനങ്ങൾക്ക് ലഭ്യമായ സേവനങ്ങൾ, നേട്ടങ്ങൾ

വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6 ന് മറുപടി ലഭ്യമാക്കിയില്ല

## 1-37 പൊതുടാപ്പുകൾ- സംയുക്തപരിശോധന നടത്തിയിട്ടില്ല

നഗരസഭയിലെ മൊത്തം 418 എണ്ണം പൊതുടാപ്പുകൾക്കായി പ്രതിമാസം 274626/- രൂപ വാട്ടർചാർജ് അടച്ചുവരുന്നുണ്ട്. ഇതിൽ നിലവിൽ പ്രവർത്തിക്കാത്ത ടാപ്പുകൾ എത്രയെണ്ണമുണ്ടെന്ന് കണ്ടെത്തിയിട്ടില്ല. വാട്ടർ അതോറിട്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സെക്രട്ടറിക്കുള്ള 31/8/19ലെ HC-428/2019/റവന്യൂ നം,കത്ത് പ്രകാരം

കുടിവെള്ള ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നഗരസഭക്ക് ആക്ഷേപം ഉണ്ടെങ്കിൽ ടി കത്ത് കിട്ടി 7 ദിവസത്തിനുള്ളിൽ തൃപ്പൂണിത്തുറ വാട്ടർ സപ്ലൈ അസിസ്റ്റന്റ് എഞ്ചിനീയറുമായി ബന്ധപ്പെട്ട് സംയുക്തമായി കണക്കെടുപ്പ് നടത്തണമെന്ന് അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെയായി സംയുക്തപരിശോധന നടത്തിയിട്ടില്ല.

## 1-38 തെരുവ് വിളക്ക് (CFL)മെയിന്റനൻസ്-ജി എസ് ടി കൂടുതൽ നല്കി

ഫയൽ നമ്പർ E4-1630/17

വൗച്ചർ നം. 48-9/18 , തുക 14,90,823.00 (ചെക്ക് നം. 802651/14.9.18)

വൗച്ചർ നം. 46-2/19, തുക 14,57,316.00 (ചെക്ക് നം. 969434/12.2.19)

M/s Edison Electronics എന്ന സ്ഥാപനത്തിന് CFL Street light maintenance നടത്തിയതിന് സ്ഥാപനം സമർപ്പിച്ച താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്.

1. <u>ബിൽ നം. B2C-LB-13 തീയതി 22.3.2017</u>

Labour charge for repairing CFL Street light 2X11 - 10,34,943.00

Labour charge for repairing CFL Street light 2X36 - 2,24,220.00

Labour charge for repairing CFL Street light 1X85 - 30,030.00

**CGST 9% - 1,16,027.37**

SGST 9% - <u>1,16,027.37</u>

Total - **<u>15,21,248.00</u>**

2. <u>ബിൽ നം. B2B-LB-02 തീയതി 05.12.2018</u>

Labour charge for repairing CFL Street light 2X11 - 10,67,787.00

Labour charge for repairing CFL Street light 2X36 - 2,00,485.00

Labour charge for repairing CFL Street light 1X85 - 18,200.00

**CGST 9% - 1,15,782.48**

SGST 9% - <u>1,15,782.48</u>

**Total - <u>15,18,037.00</u>**

ഇത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44) ലഭിച്ചിട്ടില്ല .

**1. 18/1/2018 ലെ 25th ജി എസ് ടി** കൗൺസിലിന്റെ തീരുമാനപ്രകാരം ജി എസ് ടി 18% ൽ നിന്നും 12% ആയി കുറച്ചിട്ടുള്ളതാണ്. ആയതിനാൽ ജിഎസ് ടി അധികം നൽകിയത് വിശദീകരിക്കേണ്ടതാണ്.

2. Labour chargeമാത്രമുള്ള കരാറുകാരന്റെ ബില്ലുകളിൽ ജിഎസ് ടി ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ടോ? Defective parts replace ചെയ്യിട്ടുണ്ടെങ്കിൽ ആയതിന്റെ പർച്ചേസ് ബിൽ ഹാജരാക്കിയിട്ടുണ്ടോ?

3. മരട് നഗരസഭയിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി താഴെപ്പറയുന്ന പ്രകാരം വ്യത്യസ്ത ഇനങ്ങളിലായാണ് നടത്തിവരുന്നത്.

CFL Maintenance എസ്റ്റിമേറ്റ് 30,00,000.00

Tube light " " 4,80,000

SV lamp " " 4,80,000

Highmast light " " 4,80,000

NH street light " 4,80,000

വിവിധ വാർഡുകളിലെ

മെയിന്റനൻസ് " 4,80,000

**ആകെ 54,00,000/- രൂപ**

എല്ലാ ഇനം ജോലികളും ഉൾപ്പെടുത്തികൊണ്ട് ഒറ്റ ടെർഡർ ക്ഷണിക്കാതെ ഇതുപോലെ വ്യത്യസ്ത ഇനങ്ങളിലേക്കായി ടെർഡർ ക്ഷണിച്ചത് വിശദീകരിക്കേണ്ടതാണ്.

4. നഗരസഭപരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്)രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. രജിസ്റ്റർ ഇല്ലെങ്കിൽ പദ്ധതി അടങ്കൽ നിശ്ചയിച്ച മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

5. തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതിൽ തീയതി, പരാതി അറിയിച്ച സമയം, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നം ഉൾപ്പെടെ ) എന്നീ വിവരങ്ങൾ ഉണ്ടാകണം. ഈ വിവരങ്ങളടങ്ങിയ പരാതി രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

കൂടാതെ **18/1/2018 ലെ 25th ജി എസ് ടി** കൗൺസിലിന്റെ തീരുമാനപ്രകാരം ജി എസ് ടി 18% ൽ നിന്നും 12% ആയി കുറച്ചിട്ടുള്ളത് കണക്കിലെടുക്കാതെ താഴെപ്പറയുന്ന പ്രകാരം ജിഎസ് ടി ഇനത്തിൽ അധികതുക കരാറുകാരന് നൽകിയത് ഓഡിറ്റിൽ നിരാകരിക്കുകയും ചെയ്യുന്നു.

**1. വൗച്ചർ നം.48-9/18 (ബിൽ നം. B2C-LB-13 തീയതി 22.3.2017)**

ബിൽ തുക = 12,89,193/-
അനുവദനീയമായ ജിഎസ് ടി നിരക്ക്- 12%

CGST 6% = 77,351.58 SGST 6% =77351.58

അധികം നൽകിയ തുക: CGST (116027.37-77351.58) = 38,675.79

SGST(116027.37-77351.58) = 38,675.79

**2. വൗച്ചർ നം. 46-2/19(ബിൽ നം. B2B-LB-02 തീയതി 05.12.2018)**

ബിൽ തുക = 12,86,472/-

അനുവദനീയമായ ജിഎസ് ടി നിരക്ക്- 12%
CGST 6% = 77,188.32 SGST 6% = 77,188.32

അധികം നൽകിയ തുക: CGST (115782.48-77188.32)=38,594.16

SGST(115782.48-77188.32) = 38,594.16

അനുവദനീയമായ ജിഎസ് ടി നിരക്കിനേക്കാൾ കൂടിയ നിരക്ക് നൽകിയത് മൂലം മരട് നഗരസഭക്കുണ്ടായ അധികച്ചെലവ് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 ദിവസക്കൂലി/കരാർ വേതനം വാങ്ങുന്നവരിൽ നിന്നും EPF ലേക്ക് തുക കുറവ് ചെയ്യുന്നു

മരട് നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ കൂലിയിൽ നിന്നും EPF ലേക്ക് 12% തുക കുറവ് ചെയ്ത് വരുന്നതായി കാണുന്നു. 1952 ലെ EPF & Miscellaneous Act (amended) പ്രകാരം (നിലവിൽ) 15000/- രൂപയിൽ താഴെ കൂലി വാങ്ങുന്ന, 20 പേരോ അതിൽ കൂടുതലോ ആളുകൾ തൊഴിലെടുക്കുന്ന Organised sector ൽ (Proprietorship firm, Society/Trust, Partnership firm, LLP/Company) ഉള്ള സ്ഥാപനങ്ങൾക്കാണ് EPF ബാധകമാക്കിയിട്ടുള്ളത് എന്ന് കാണുന്നു. മാത്രവുമല്ല, 2 മാസം തൊഴിലില്ലാതെയിരുന്നാൽ EPF prematurely ക്ലോസ് ആവുകയും ചെയ്യും.

ഇത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദീകരണമാശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം3)ക്ക് മറുപടി ലഭിച്ചിട്ടില്ല.

1. സർക്കാരിന്റെ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ ദിവസവേതനം നൽകുന്നവരിൽ നിന്നും EPF തുക ഈടാക്കുന്നത്

2. നാളിതുവരെ Employee & Employer share ആയി എത്ര തുക EPF യിലേക്ക് അടവാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ ലഡ്ജർ ബുക്ക് (Recovery payable-EPF) പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷം താഴെപ്പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.

തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത വിഹിതം - 5,21,320.00

നഗരസഭയിൽ നിന്നും നേരിട്ട് ചെലവഴിച്ച തുക - 11,92,291.00

EPFലേക്ക് അടവാക്കിയ തുക (521320+1192291) = 17,13,611.00 രൂപ

മേൽപ്പറഞ്ഞ വിഷയങ്ങളിൽ നഗരസഭ ആവശ്യമായ വിശദീകരണം നൽകേണ്ടതാണ്. അനാവശ്യചെലവുകൾ നിയന്ത്രിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്. ആവശ്യപ്പെട്ട വിശദീകരണം നൽകാത്തതിനാൽ തൻവർഷം നഗരസഭയിൽ നിന്നും നേരിട്ട് ചെലവഴിച്ച തുകയായ 11,92,291.00 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വസ്തു നികുതി കുറവായി കണക്കാക്കി

മരട് നഗരസഭയുടെ 28.05.2012 ലെ ആർ 1-3726/2011-ാം നമ്പർ വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയുടെ വസ്തു നികുതി നിരക്ക് ച. മീറ്ററിന് 80/- രൂപയാണ് 01.04.2011 ൽ പ്രാബല്യത്തിലുള്ളത്. എന്നാൽ താഴെച്ചേർത്തിട്ടുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കിയതിൽ അപാകത കാണുന്നു. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വീട്ട് നം / വാർഡ്നം | കെട്ടിടത്തിന്റെ തരം/വിസ്തൂർണ്ണം | എല്ലാ നികുതികളു മുൾപ്പെടെ ഈടാക്കിയവസ്തു നികുതി | എല്ലാ നികുതികളു മുൾപ്പെടെ ഈടാ ക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| ശ്രീ.നാരായണൻ എബ്രാംമഠത്തിൽ | XXI 38(8) | വാണിജ്യം 132.85 m2 | 9168 | 12221 | 3053 |
| ശ്രീ.നാരായണൻ എബ്രാംമഠത്തിൽ | XXI 38(9) | വാണിജ്യം 132.85 m2 | 9168 | 12221 | 3053 |
| **ആകെ** | | | | | **6106** |

വസ്തുനികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 19.11.2019 ൽ നല്കിയ 8ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നികുതി പുനർ നിർണ്ണയിച്ച് വസ്തുു നികുതി അടവാക്കുന്നതിന് ബന്ധപ്പെട്ട കെട്ടിടയുടമയ്ക്ക് കത്ത്നല്കിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. വസ്തുനികുതിയിനത്തിൽ നഷ്ടം വന്ന 6106/-രൂപ കെട്ടിടയുടമയിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 കെ.എസ്.ഇ.ബി റോഡ് കട്ടിംഗ് - റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ കുറവ്

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മരട് നഗരസഭയിലെ വിവിധ വാർഡുകളിൽ 11 കെ.വി ലൈനിന്റെ അണ്ടർ ഗ്രൗണ്ട് കേബിൽ സ്ഥാപിക്കുന്നതിലേക്കായി 04.11.2016 ലെ DB26/RAPDRP-EKM/Municipality/ 16-17/825, 03.12.2018 ലെ DB26/RAPDRP-EKM/PWD/16-17/1020 എന്നീ കത്തുകൾ പ്രകാരം നഗരസഭയുടെ അനുമതി തേടിയിരുന്നു. ഈ അപേക്ഷകൾ പരിഗണിച്ച് മരട് നഗരസഭ കൗൺസിലിന്റെ 16.06.2017 ലെ തീരുമാനം 21പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ബ്ലാക്ക് ടോപ്പ് സർഫസ് റോഡു 3867 മീറ്ററും, ബേം കട്ടിംങ് 1023 മീറ്ററും ടൈൽ റോഡ് കട്ടിംങ് 178 മീറ്ററും കൾവർട്ട് ക്രോസിംങ് 20 മീറ്ററുമാണ്. ഇതിന് റോഡ് കട്ടിംഗ് ഫീസായി 7902602/- രൂപയും, ബേം കട്ടിംങ് ഫീസായി 146698/- രൂപയും, ടൈൽ റോഡ് കട്ടിംങ് ഫീസായി 160200/- രൂപയും, കൾവർട്ട് ക്രോസിംങ് ഫീസായി 40872/- രൂപയും ഈടാക്കിയിട്ടുണ്ട് (രസീത് നം 117020500082/ 06.06.17). കേബിൾ ഇട്ട് റോഡ് പുതുക്കി പണിയുന്നതിന് ബ്ലാക്ക് ടോപ്പ് സർഫസ് റോഡുകളിൽ ചതുരശ്ര മീറ്ററിന് 3406/- രൂപയും ബേം കട്ടിംങ്ങിന് ചതുരശ്ര മീറ്ററിന് 239/- രൂപയും, ടൈൽ റോഡ് കട്ടിംങിന് ചതുരശ്രമീറ്ററിന് 1500/- രൂപ നിരക്കിലും, കൾവർട്ട് ക്രോസിംങിന് 3406/- രൂപ നിരക്കിലുമാണ് നഗരസഭ ഫീസ് ഈടാക്കിയിട്ടിട്ടുള്ളത്. 18/03/13ലെ ചീഫ് എഞ്ചിനീയറുടെ (ആർ & ബി) കത്ത്). പൊതുമരാമത്ത് (എൻഎച്ച്) വകുപ്പിന്റെ 10/10/12ലെ PWD10-184285(B) നമ്പർ സർക്കുലർ എന്നിവ പ്രകാരം റോഡ് പുതുക്കി പണിയുന്ന പ്രവൃത്തികൾ കുറഞ്ഞത് 1 മീറ്റർ വീതിയിൽ ചെയ്യേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ റോഡ് കട്ടിംഗിന്റെ വീതി 0.6 മീറ്ററായാണ്

കണക്കാക്കിയിട്ടുള്ളത്. തന്മൂലം റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ വലിയ തുകയുടെ കുറവ് വന്നിട്ടുള്ളതായും നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുള്ളതായും കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| 3867 m2 x 3406/ m2 | 13171002 | 7902602 | 5268400 |
| 1023 /m2*239 | 244497 | 146698 | 97799 |
| 178m2*1500 | 267000 | 160200 | 106800 |
| 20/m2*3406 | 68120 | 40872 | 27248 |
| | 13749596 | 8250372 | 5500247 |

പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 22.11.2019 നല്കിയ ഓഡിറ്റ് എൻക്വയറി നം 16 ന് നൽകിയ മറുപടി ഈ വിവരം അറിയിച്ച് കെ.എസ്.ഇ.ബി മരടിന് കത്ത് നല്കിയിട്ടുണ്ട് എന്നാണ്.ആയതിനാൽ ഈയിനത്തിൽ നഷ്ടം വന്ന തുകയായ 5500247/-രൂപ അടിയന്തരമായി കെ.എസ്.ഇ.ബി .മരടിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

2) റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനം തങ്ങളുടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ നഗരസഭ പരിധിയിൽ സ്ഥാപിക്കുന്നതിന് 19.05.2014 ൽ നല്കിയ അപേക്ഷ പരിഗണിച്ച് മരട് നഗരസഭ കൗൺസിലിന്റെ 16.06.2014 ലെ തീരുമാനം 5(15)പ്രകാരം 12.76 കിലോമീറ്റർ ദൂരം ടാർ റോഡ് മുറിച്ച് കേബിൾ ഇടുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ബ്ലാക്ക് ടോപ്പ് സർഫസ് റോഡു് 9960 മീറ്ററും, ബേം കട്ടിംങ് 2800 മീറ്ററുമാണ്. ഇതിന് റോഡ് കട്ടിംഗ് ഫീസായി 9359976/-രൂപ (ഡിമാന്റ് ഡ്രാഫ്റ്റ് 826264 തീയതി 07.08.2014) രൂപ ഈടാക്കിയിട്ടുണ്ട് (രസീത് നം 11402400007/ 08.08.14). ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇട്ട് റോഡ് പുതുക്കി പണിയുന്നതിന് ബ്ലാക്ക് ടോപ്പ് സർഫസ് റോഡുകളിൽ ചതുരശ്ര മീറ്ററിന് 1521/- രൂപയും ബേം കട്ടിംങ്ങിന് ചതുരശ്ര മീറ്ററിന് 161/- രൂപയുമാണ് ഈടാക്കേണ്ടത് (18/03/13ലെ ചീഫ് എഞ്ചിനീയറുടെ (ആർ & ബി) കത്ത്). പൊതുമരാമത്ത് (എൻഎച്ച്) വകുപ്പിന്റെ 10/10/12ലെ PWD10-184285(B) നമ്പർ സർക്കുലർ പ്രകാരം റോഡ് പുതുക്കി പണിയുന്ന പ്രവൃത്തികൾ കുറഞ്ഞത് 1 മീറ്റർ വീതിയിൽ ചെയ്യേണ്ടതാണ്. ഇപ്രകാരം ഫീസ് കണക്കാക്കുമ്പോൾ റിലയൻസ് ജിയോ ഇൻഫോകോമിൽ നിന്നും റോഡ് കട്ടിംഗ് ചാർജ് കുറവാണ് ഈടാക്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| *9960m2 x 1521/ m2* | 15149160 | 9089496 | 6059664 |
| 2800m2*161 | 450800 | 270480 | 180320 |
| ആകെ | 15599960 | 9359976 | 6239984 |

മേൽ വിശദീകരിച്ചത് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തുക ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദീകരണം നല്കുവാനാവശ്യപ്പെട്ട് കൊണ്ട് 21.11.2019 ൽ നല്കിയ 10ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുതയിനത്തിൽ നഷ്ടം വന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

താഴെച്ചേർത്തിട്ടുള്ള വാസഗൃഹങ്ങൾ ക്രമവത്കരണം നടത്തിയതിൽ ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നു.കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ 146(4) പ്രകാരം താഴെ സൂചിപ്പിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്ക്കരിച്ചതിന് ഈടാക്കേണ്ടിയിരുന്ന രാജിയാക്കൽ ഫീസിന്റെ വിവരം ചുവടെ ചേർക്കുന്നു.നിലവിലുള്ള കെട്ടിടവിസ്കീർണ്ണത്തിന് നഗരസഭ ഈടാക്കുന്ന ഫീസും ആയതിന്റെ രണ്ടിരട്ടിയുമാണ് രാജിയാക്കൽ ഫീസായി ഈടാക്കേണ്ടത്.

| ക്രമ നം | പേര്,വിലാസം | തരം. എം2 | നിരക്ക് | ഈടാക്കിയ ഫീസ്, രസീത് നം, തീയതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീ.എമിൽ മാത്യു, അറയ്ക്കൽ, മരട് | വാസഗൃഹം 96.06m2 | 96.06m2*3* 3.5=1010 | 110/- 104240/22.06.18 | 1009 | 899 |
| 2 | ശ്രീമതി അലീന അലിഗപ്പാടം | വാസഗൃഹം 128.92സ2 | 128.92m2*3* 3.5=1354 | 750 7174/03.09.18 | 1354 | 604 |
| 3 | ശ്രീ.പീറ്റർ ഓട്ടുപുരയ്ക്കൽ | വാസഗൃഹം 196.89സ2 | 196.89m2*7 *3=4135 | 3500 10180/13.11.18 | 4135 | 635 |
| 4 | ശ്രീ ഷാജി തോമസ്. കല്ലൂപുരയ്ക്കൽ, മരട് | വാസഗൃഹം 242.48സ2 | 242.48m2*7* 3=5092 | 1950 12095/11.03.19 | 5092 | 3142 |
| **ആകെ** | | | | | | **5280** |

പരിശോധിച്ച് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 26.11.2019 ൽ 340ാം നമ്പർ അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രകാരം ക്രമവത്ക്കരണ ഫീസിനത്തിൽ കുറവായി ഈടാക്കിയ 5280/-രൂപ ബന്ധപ്പെട്ട കെട്ടിടയുടമകളിൽ നിന്നോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതും ആയതിന്റെ രസീതിന്റെ പകർപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്കായി നല്കേണ്ടതുമാണ്.

## 2-4 പെർമിറ്റ് തുക ഈടാക്കിയതിൽ കുറവ്

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണങ്ങളിലെ ചട്ടങ്ങളിലെ ചട്ടം 11 (3) പ്രകാരം ബിൽഡിംങ് പെർമിറ്റ് ഫീസ് ഇനത്തിൽ ഈടാക്കേണ്ട (വാസഗൃഹം 150 എം2 മുകളിൽ 7/- രൂപ, 150എം 2 ന് താഴെ 3.50 രൂപ) തുകയിൽ 2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ നിന്നും നല്കിയ പെർമിറ്റുകൾക്ക് ഈടാക്കിയ ഫീസിൽ 4970/- രൂപയുടെ കുറവ് കാണുന്നു. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് എടുത്ത വ്യക്തിയുടെ പേര്,വിലാസം | സർവേ നം / വാർഡ് | തരം, എം 2 | ഈടാക്കിയ തുക, രസീത് നം, തീയതി | ഈടാക്കേണ്ട തുക | കുറവ് തുക |
|---|---|---|---|---|---|---|
| 1 | ശ്രീ.കുഞ്ഞപ്പൻ, കാട്ടിത്തറത്തുണ്ടിയിൽ | 417/5 | ഭവനം 202.72m2 | 710/- രസീത് നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 1419 | 709 |
| 2 | ശ്രീ.ദിനേശൻ | 132/7/3/5 | ഭവനം | 210/- | 1210 | 1000 |

| | | | | | | |
|---|---|---|---|---|---|---|
| | നെടുംമ്പിള്ളി, നെട്ടൂർ | | 172.92m2 | 0036/08.11.18 | | |
| 3 | ശ്രീ.രാജേഷ് കുമാർ കുന്നത്ത്, നെട്ടൂർ | 1282/1 | ഭവനം 164.12m2 | 253/- 09935/05.11.18 | 1149 | 896 |
| 4 | ശ്രീമതി. ഗീത. എൻ എടെക്കരപ്പറമ്പിൽ | 412/4/2 | ഭവനം 206.18m2 | 860/- 09908/03.11.18 | 1443 | 583 |
| 5 | ശ്രീ.ജോണി കുന്നുംപറമ്പ് | 284/3/3 | ഭവനം 154.42m2 | 430/- 12233/22.12.18 | 1081 | 651 |
| 6 | ശ്രീ.ക്ലീറ്റസ് തുമ്മേലിപറമ്പിൽ, നെട്ടൂർ.പി.ഒ | 274/2 | ഭവനം 173.40m2 | 610/- 10871/03.12.18 | 1214 | 604 |
| 7 | ശ്രീ.വി.എം.വിജയൻ വിക്രമത്ത്, മരട്.പി.ഒ | 402/23 | ഭവനം 153.90m2 | 550/- 11901/19.12.18 | 1077 | 527 |
| **ആകെ** | | | | | | **4970** |

മേൽ സൂചിപ്പിച്ച അപാകത പരിശോധിച്ച് വിശദീകരണം നല്കുവാനാവശ്യപ്പെട്ട് കൊണ്ട് 26.11.2019 ൽ 33ാം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പെർമ്മിറ്റ് ഫീസിനത്തിൽ നഷ്ടം സംഭവിച്ച 4970/-രൂപ കെട്ടിട ഉടമകളിൽ നിന്നോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭഫണ്ടിൽ അടവാക്കേണ്ടതും, ആയതിന്റെ രസീതിന്റെ പകർപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചേരിപ്പറമ്പ് റോഡിൽ ടൈൽ വിരിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 130/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 650785/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| കരാറുകാരൻ | കെ.കെ.ഗോപിനാഥൻ |
| അളവ് പുസ്തകം | 140/18-19 |
| ബിൽ നമ്പർ | 60/28.3.19, 522524 |

ചേരിപ്പറമ്പ് റോഡിൽ ടൈൽ വിരിക്കൽ - എന്ന പ്രവൃത്തിയുടെ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ താഴെപറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

$1x14x0.8x(0.8+0.9)/2 =9.52m^3$

$1x30x0.8x0.9 =21.60m^3$

inside drain raising $1x13x0.3x0.45 = 1.75m^3$ ആകെ $32.87m^3$ ചെയ്തിട്ടുണ്ട്. കൂടാതെ മൂന്നാമിനമായി ഡ്രെയിൻ റെയ്സിംഗ് ഉൾപ്പെടെ 57.8 മീറ്റർ നീളത്തിൽ ഡ്രെയിൻ സൈഡ് വാൾ നിർമ്മിച്ചിട്ടുണ്ട്. കാനയുടെ ആകെ വീതി 0.80 മീറ്ററാണ്. എന്നാൽ നാലാമിനമായി

അളവ് പുസ്തകം പുറം 16 പ്രകാരം കവറിംഗ് സ്ലാബ് താഴെപറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

സ്ലാബ്- 72x0.80x1x0.15 =8.64$m^3$

സ്ട്രട്ട് - 17x0.60x0.10x0.10= 0.102 $m^3$ആകെ 8.742$m^3$

57.80 മീറ്റർ നീളവും 0.80 മീറ്റർ വീതിയുമുള്ള കാനയ്ക്ക് ആവശ്യമായ കവറിംഗ് സ്ലാബിന്റെ അളവ് ചുവടെ ചേർക്കുന്നു.

സ്ലാബ്-57.80x0.80x1x0.15 = 6.936 $m^3$

സ്ട്രട്ട് - 17x0.60x0.10x0.10= 0.102$m^3$ ആകെ 7.038 $m^3$,

സ്ലാബ് നിർമ്മാണത്തിനായി മേൽ സൂചിപ്പിച്ചവിധം 1.704 $m^3$ (8.742 $m^3$ – 7.038 $m^3$), സിമന്റ് കോൺക്രീറ്റിംഗ് അധികം ചെയ്തിട്ടുണ്ട്. ഇതിന് 8432.69/$m^3$ നിരക്കിൽ 14369 /-രൂപ അധികം നൽകിയിട്ടുണ്ട്.

കൂടാതെ ഇനം 5 പ്രകാരം സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് താഴെപറയുന്ന അളവിൽ ഉപയോഗിച്ചിട്ടുണ്ട്.

സ്ലാബ് - 10 mm സ്റ്റീൽ- (72x4)x1.8x0.617 = 319.85 kg

8 mm സ്റ്റീൽ- (72x2x5)x0.85x0.395= 241.74 kg

സ്ട്രട്ട്- 8 mm – (17x1)x0.55x0.395 = 3.69 kg ആകെ 565.28 kg എന്നാൽ മേൽ പറഞ്ഞ അളവിലുള്ള സ്ലാബിന് ആവശ്യമായ സ്റ്റീൽ ബാറിന്റെ അളവ് ചുവടെ ചേർക്കുന്നു.

സ്ലാബ് - 10 mm സ്റ്റീൽ- (57.8x4)x1.8x0.617 = 256.77 kg

8 mm സ്റ്റീൽ- (57.8x2x5)x0.85x0.395= 194.06 kg

സ്ട്രട്ട്- 8 mm – (17x1)x0.55x0.395 = 3.69 kg ആകെ 454.52 kg

അതായത് 110.76 kg സ്റ്റീൽ ബാർ അധികം ഉപയോഗിച്ചിട്ടുണ്ട്. ആയതിന് 82.68/kg നിരക്കിൽ (110.76kgx82.68/kg), 9158/-രൂപ അധികം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കായി ആകെ അധികം നൽകിയ 23527/-രൂപ (14369+9158) ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/26.11.19) ലഭ്യമാക്കിയ മറുപടിയിൽ, നിലവിൽ ഈ സ്ഥലത്ത് താഴെപറയുന്ന അളവിലാണ് സ്ലാബ് നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിച്ചിരിക്കുന്നു.

സ്ലാബ്- 72x0.80x0.60x0.15 = 5.184 $m^3$

സ്ട്രട്ട് - 17x0.60x0.10x0.10= 0.102 $m^3$ ആകെ 5.286 $m^3$, കൂടാതെ മേൽ അളവിലുള്ള സ്ലാബിന് ആവശ്യമായ റീ ഇൻഫോഴ്സ്മെന്റ് 479.96 കിലോഗ്രാം ആണെന്നും ആയത് തെറ്റായി അളവ് രേഖപ്പെടുത്തിയതുമൂലം ആകെ 565.28 kg കമ്പിയുടെ വില കരാറുകാരന് നൽകിയിട്ടുണ്ടെന്നും മേൽ ഇനങ്ങളിലായി ആകെ 36198/- രൂപയുടെ അധികചെലവ് ഈയിനത്തിലുണ്ടായിട്ടുണ്ടെന്നും ആയത് കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ മറുപടി സൂചിപ്പിക്കുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്താതെയാണ് അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തുന്നതെന്നാണ്. ഇത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയായി

ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ മറുപടിയിൽ പറയുന്ന വിധം 0.60 മീറ്റർ വീതിയിലാണ് സ്ലാബ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ പ്രസ്തുത കാനയ്ക്ക് 0.80 മീറ്റർ വീതിയിൽ എസ്കവേഷൻ നടത്തേണ്ടതിന്റെ ആവശ്യമില്ലാത്തതാണ്. ആയതിനാൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ പ്രകാരം ആകെ അധികം ചെലവഴിച്ചിട്ടുള്ള 23527/- രൂപ മാത്രമേ ഈ ഖണ്ഡികയിൽ നിരാകരിച്ചിട്ടുള്ളൂ. മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളവിധമാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി അധികചെലവ് കൃത്യമായി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ജയ നഗറിൽ കാന മെയിന്റനൻസ്, കവറിംഗ് സ്ലാബ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 231/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 250000 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | ആർ.ആർ തോമസ് |
| അളവ് പുസ്തകം | 88/18-19 |
| ബിൽ നമ്പർ | 23/19.3.19, 24604 /- |

ജയ നഗറിൽ കാന മെയിന്റനൻസ് കവറിംഗ് സ്ലാബ് - എന്ന പ്രവൃത്തിയുടെ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 1x67x0.7x0.7 അളവിലും രണ്ടാമിനമായി ബെഡ് കോൺക്രീറ്റിംഗ് 1x67x0.7x0.10 അളവിലും മൂന്നാമിനമായി സൈഡ് വാൾ താഴെപറയുന്ന അളവിലും ചെയ്തിട്ടുണ്ട്.

2x20x(0.2+0.15)/2x0.56

2x20x(0.2+0.15)/2x0.58

2x20x(0.2+0.15)/2x0.60

2x7x(0.2+0.15)/2x0.62 ഇതിൽ നിന്നും കാനയുടെ ആകെ നീളം 67 മീറ്റർ ആണെന്ന് വ്യക്തമാണ്. കൂടാതെ ഇനം 6 പ്രകാരം താഴെപറയുന്ന അളവിൽ സ്ലാബ് നിർമ്മിച്ചിട്ടുണ്ട്.

സ്ലാബ്- 67x1x0.70x0.10 = 4.69 $m^3$

സ്ട്രട്ട്- 20x0.50x0.10x0.10= 0.10 $m^3$

സ്ലാബ് - 1x(0.30+0.70)/2x0.70x0.10 =0.035 ആകെ 4.825 $m^3$

എന്നാൽ ഏഴാമിനമായി സ്ലാബ് നിർമ്മിക്കുന്നതിനായി സ്റ്റീൽ ബാർ കട്ട് ചെയ്തിട്ടുള്ളത് താഴെ പറയുന്ന അളവിലാണ്.

<u>സ്ലാബ് 47 എണ്ണം (1x0.70x0.10)</u>

**10 mm** ബാർ - 47x7x0.65x0.617 = 131.97 kg

**10 mm** ബാർ - 47x5x0.95x0.617 = 137.74 kg

<u>സ്ട്രട്ട്- 25 എണ്ണം (0.50x0.10x0.10)</u>

8 mm ബാർ - 25x2x0.45x0.395 = 8.887 kg

സ്ലാബ് 1 എണ്ണം ((0.30+0.70)/2x0.70x0.10)

**10 mm** ബാർ 1x7x(0.25+0.65)/2x0.617 = 1.943 kg

**10 mm** ബാർ-1x5x0.65x0.617 =2.005 kg

47.50 മീറ്റർ നീളത്തിൽ സ്ലാബ് നിർമ്മിക്കുവാനാവശ്യമായ സ്റ്റീൽ ബാർ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ എന്നിരിക്കെ 67 മീറ്റർ നീളത്തിൽ സ്ലാബ് നിർമ്മിച്ചതിന് തുക നൽകിയിട്ടുള്ളതായി കാണുന്നു. ആയത് അംഗീകരിക്കാവുന്നതല്ല. സ്റ്റീൽ ബാർ ഉപയോഗിച്ചതിനേക്കാൾ അധികമായി 19.50 മീറ്റർ അധികനീളത്തിൽ സ്ലാബ് നിർമ്മിക്കുന്നതിനായി 1:2:4 സിമന്റ് കോൺക്രീറ്റിംഗ് ($19.5x1x0.10=1.95m^3$), 1.95 $m^3$ ചെയ്തതിന് $8432.69/m^3$ നിരക്കിൽ 16444/- രൂപ അധികം ചെലവഴിച്ചത് അംഗീകരിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻകചയറിക്ക് (26/25.11.19) ലഭ്യമാക്കിയ മറുപടിയിൽ റീ ഇൻഫോഴ്സ്മെന്റിന്റെ അളവ് രേഖപ്പെടുത്തിയപ്പോൾ കുറച്ച് അളവുകൾ രേഖപ്പെടുത്തുവാൻ വിട്ടുപോയിട്ടുള്ളതാണെന്ന് അറിയിച്ചിരിക്കുന്നു. ആയത് അംഗീകരിക്കാവുന്നതല്ല. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി സ്ഥലപരിശോധന നടത്താതെയാണ് അളവുകൾ രേഖപ്പെടുത്തുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ ശരിയാണെന്ന് കരാറുകാരൻ രേഖാമൂലം സമ്മതിച്ചിട്ടുള്ളതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം ചെലവഴിച്ച 16444/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-3 ഹോസ്പിറ്റൽ റോഡ് കാന, കവറിംഗ് സ്ലാബ് നിർമ്മാണം ഡിവിഷൻ 25 -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 116/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 650000 ധനകാര്യ കമ്മീഷ ഗ്രാന്റ് |
| കരാറുകാരൻ | ആർ.ആർ തോമസ് |
| അളവ് പുസ്തകം | 81/18-19 |
| ബിൽ നമ്പർ | 19/13.3.19, 603977 /- |

ഹോസ്പിറ്റൽ റോഡ് കാന, കവറിംഗ് സ്ലാബ് നിർമ്മാണം ഡിവിഷൻ 25 - എന്ന പ്രവൃത്തിയുടെ നാലാമിനമായി അളവ് പുസ്തകം പുറം 7 പ്രകാരം കാനയുടെ ഉയരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2x49x 0.15 എന്ന അളവിൽ സെന്ററിംഗ് & ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ഇത് പ്രകാരം കാനയുടെ ഉയരം കൂട്ടുന്നതിനായി 1:3:6 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് എന്ന അഞ്ചാമിനം പ്രവൃത്തി ചെയ്യാവുന്ന അളവ്

$45.5X0.20x0.15 =1.37\ m^3$,

3.4x0.20x0.15 = 0.102 $m^3$ ആകെ 1.47 $m^3$ മാത്രമാണ്. എന്നാൽ അളവ് പുസ്തകം പുറം 9 പ്രകാരം ഈയിനം താഴെപറയുന്ന അളവിൽ ചെയ്തിട്ടുള്ളതായി കാണുന്നു.

2x45.5x0.20x0.20 = 3.64 $m^3$

2x3.4x0.2x0.25 =0.34 $m^3$ ആകെ 3.98 $m^3$

മേൽ സൂചിപ്പിച്ച വിധം കാന ഉയരം കൂട്ടുന്നതിന് സെന്ററിംഗ്&ഷട്ടറിംഗ് ചെയ്തതിനേക്കാൾ കൂടുതൽ ഉയരത്തിൽ (3.98 $m^3$- 1.47 $m^3$), 2.51 $m^3$ അധികം സിമന്റ് കോൺക്രീറ്റിംഗ് ചെയ്തതിന് 6700/- രൂപ നിരക്കിൽ അധികം ചെലവഴിച്ച 16817/- രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (29/25.11.19) ലഭ്യമാക്കിയ മറുപടിയിൽ സെന്ററിംഗ് & ഷട്ടറിംഗിന്റെ അളവ് രേഖപ്പെടുത്തിയതിലെ അപാകതകൾ മൂലമാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്ന് അറിയിച്ചിരിക്കുന്നു. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ കരാറുകാരൻ രേഖാമൂലം അംഗീകരിച്ചിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. നിർമ്മാണ പ്രവൃത്തികളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടക്കുറവാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരം കുറവുകൾ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-4 റീഫണ്ട് -അധിക തുക നൽകി

**1. വാടക ഡെപ്പോസിറ്റ്- അധികം തുക തിരികെ നൽകി**

രസീത് നമ്പർ 24981 തീയതി 3.5.18 പ്രകാരം കളക്ട് ചെയ്ത ഡെപ്പോസിറ്റ് തുക – 2000 /-

വൗച്ചർ നമ്പർ 62-9/18 പ്രകാരം ശ്രീ ടി കെ ദേവരാജന് തിരികെ നൽകിയ തുക 2500/-രൂപ. 500/- രൂപ അധികമായി തിരികെ നൽകി.

**2. ക്രിമറ്റോറിയം ഫീസ് - എസ്.ടി- അധിക തുക റീഫണ്ട് നൽകിയത് സംബന്ധിച്ച്**

രസീത് നമ്പർ 04031 തീയതി 9.10.18 പ്രകാരം കളക്ട് ചെയ്ത ഫീസ് തുക – 600 /-

വൗച്ചർ നമ്പർ 94-10/18 പ്രകാരം ശ്രീ ബാബു എന്നയാൾക്ക് തിരികെ നൽകിയ തുക 2500/- രൂപ. 1900/- രൂപ അധികമായി തിരികെ നൽകി.

നഗരസഭ ക്രിമറ്റോറിയത്തിന്റെ ഫീസ് ഒഴിവാക്കി സേവനം സൗജന്യമാക്കിയിരിക്കെ ഫീസ് കളക്ട് ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.
അധികം നൽകിയ തുക 2400/-രൂപ (500+1900) ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

# 3-5 കേരള വാട്ടർ അതോറിറ്റി നിക്ഷേപ പ്രവൃത്തി -സെന്റേജ് ചാർജ് അധികം നല്കി

1. കേരള വാട്ടർ അതോറിട്ടിയിൽ നിക്ഷേപപ്രവൃത്തിയായി 63mm & 50mm GI പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വാട്ടർ അതോറിട്ടി തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റിൽ സെന്റേജ് ചാർജ് 12.5% നിരക്കിലാണ് കണക്കാക്കിയിരിക്കുന്നത്.

പി.ഡബ്ല്യു.ഡി മാന്വൽ 1601.4 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്കുകളിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 10 % സെന്റേജ് ചാർജ് മാത്രമേ നൽകാവൂ. എന്നാൽ താഴെപ്പറയുന്ന നിക്ഷേപപ്രവൃത്തിയിൽ അധിക നിരക്കിൽ സെന്റേജ് ചാർജ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡിന്റെ പേര് /വാർഡ് നമ്പർ | ആകെ എസ്റ്റിമേറ്റ് തുക | വർക്കിംഗ്& മെറ്റീരിയൽ കോസ്റ്റ് (എസ്റ്റിമേറ്റ് പ്രകാരം) | എസ്റ്റിമേറ്റ് പ്രകാരം ഈടാക്കിയ സെന്റേജ് ചാർജ് (12.5%) | നല്കാവുന്ന സെന്റേജ് ചാർജ് (10 %) | അധികമായി നല്കിയ സെന്റേജ് ചാർജ് | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|---|---|---|
| 1 | 26 | 130000 | 107332.55 | 13416.57 | 10733.2 | 2683.37 | 802822/ 24.11.18 |

മേൽപ്പറഞ്ഞപ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിക്കായി സെന്റേജ് ചാർജിനത്തിൽ 2683/- അധികം നൽകിയിട്ടുണ്ട്.

2. മേൽ പ്രവൃത്തിക്ക് (തനത് ഫണ്ട് വൗച്ചർ നം. 56-11/18, 130000/- രൂപ) വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് താഴെപ്പറയുന്ന പ്രകാരമാണ്.

മെറ്റീരിയൽ കോസ്റ്റ് - 19276.00

വർക്കിംഗ് ചാർജ് - 88056.55

സെന്റേജ് ചാർജ് 12.5% - 13416.57

ആകെ 120749.12

Lumpsum round of - 9250.88

ആകെ (എസ്റ്റിമേറ്റ് തുക) – **130000.00**

എസ്റ്റിമേറ്റ് തുകയായ 120749.12 രൂപയുടെ കൂടെ Lumpsum തുകയായി വലിയ തുകയായ 9250.88 രൂപ കൂട്ടിച്ചേർത്ത് round off ചെയ്തത് വഴി നഗരസഭയ്ക്ക് അധികച്ചെലവുണ്ടായി. ടി എസ്റ്റിമേറ്റ് പരിശോധന കൂടാതെ അംഗീകരിച്ചത് വിശദീകരിക്കേണ്ടതാണ്. നഗരസഭക്കുണ്ടായ അധികച്ചെലവ് 11933/-രൂപ (2683+9250) ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷികകണക്ക് പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം. ,തീയതി |
|---|---|---|
| 2018-19 | 22.07.19,23.07.19 | കെഎസ്എ ഇകെഎം(പിജി) 1367(3)/2019 തീയതി 08.08.19 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ

# വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ | 802799 13.11.18 | 61000/- | 61000/- | 00 |
| | | 802322. 24.11.18 | 130000/- | 130000/- | 00 |
| | | 969446. 14.02.19 | 70000/- | 70000/- | 00 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പോസ്റ്റ് മാറ്റൽ വാർഡ് 23 | 313789 19.06.18 | 27357/- | 27357/- | 00 |
| | ,, വാർഡ് 18 | 969361 15.01.19 | 71617/- | 71617/- | 00 |
| | , വാർഡ് 19 | 969360 15.01.19 | 51759/- | 51759/- | 00 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ | 389014 29.03.19 | 88118/- | 88118/- | 00 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| ഉത്തരവ് | ലൈഫ്/ പി.എം.എ,വൈ ലോൺതുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാനുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| | ഇല്ല | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2717451 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 263038 |
| ആകെ | 2980489 |
| പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2980489 |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ | ഒടുക്കി ആളുടെ | രസീത് നമ്പർ |
|---|---|---|---|---|---|

| | | | തുക | പേരും ഉദ്യോഗപ്പേരും | തിയതി |
|---|---|---|---|---|---|
| 1 | 2017-18 | ഓഡിറ്റ് ഇംപാക്റ്റ് | 7691 | ശ്രീ.നെൽസൺ വാടശ്ശേരി പള്ളൂരുത്തി | 118020117351 /14.02.18 |

## 4-7 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 35 | 2000-01 | IV7(62) | - | ലഭ്യമാക്കിയിട്ടില്ല |
| 1998-99 | 28 | 2004-05 | III 7(1) | -- | ലഭ്യമാക്കിയിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 261971549 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 230404575 |
| വരവിനങ്ങളിലുള്ള നഷ്ടം | 16356 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71121 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5067056 |

**ബി) <u>നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6106 | - | ശ്രീ,സുഭാഷ്.പി.കെ, സെക്രട്ടറി |
| 2-3 | 5280 | | ശ്രീ.സുഭാഷ്.പി.കെ, സെക്രട്ടറി |
| 2-4 | 4970 | | ശ്രീ,സുഭാഷ്.പി.കെ, സെക്രട്ടറി |
| 3-1 | | 23527 | ശ്രീ ബിജു.എം.കെ മുനിസിപ്പൽ |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 3-2 | | 16444 | ശ്രീ ബിജു.എം.കെ മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | | 16817 | ശ്രീ ബിജു.എം.കെ മുനിസിപ്പൽ എഞ്ചിനീയർ |
| 3-4 | | 2400 | ശ്രീ സുഭാഷ്.പി.കെ, സെക്രട്ടറി |
| 3-5 | | 11933 | ശ്രീ സുഭാഷ്.പി.കെ, സെക്രട്ടറി |
| ആകെ | 16356 | 71121 | |

## സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 233755 | ഡോ.ബാലു ഭാസി, മെഡിക്കൽ ഓഫീസർ |
| 1-19 | 90000 | വിൽസൺ.സി.ജെ, പ്രോജക്ട് ഓഫീസർ, |
| 1-20 | 1200000 | ഡോ.ബാലു ഭാസി, മെഡിക്കൽ ഓഫീസർ |
| 1-22 | 715350 | ഡോ.ശ്രീകുമാരി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി നെട്ടൂർ |
| 1-22 | 715350 | ഡോ.ബാലു ഭാസി, മെഡിക്കൽ ഓഫീസർ |
| 1-22 | 300310 | ഡോ.രാജേശ്വരി.സി.എൽ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-31 | 620000 | ശ്രീ,സുഭാഷ്.പി.കെ, സെക്രട്ടറി |
| 1-40 | 1192291 | ശ്രീ സുഭാഷ് പി കെ സെക്രട്ടറി |
| **ആകെ** | 5067056 | |

## സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| 1-13 | 68616 |
| 1-24(1) | 8298 |
| 1-24(2) | 18778 |
| 1-29 | 3430 |
| 1-33 | 14341 |
| ആകെ | 113463 |

## ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേര്,ഉദ്യോഗപ്പേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ഉഷാകുമാരി.പി.ജി, മുനിസിപ്പൽ എഞ്ചിനിയർ | കൊച്ചിൻ കോർപറേഷൻ | കീർത്തനം, ആർ.എസ്.എസി.റോഡ്, വൈറ്റില |
| ബിജു.എം.കെ, മുനിസിപ്പൽ എഞ്ചിനിയർ | കൊല്ലം കോർപറേഷൻ | മണി മന്ദിരം, ഇടക്കുളങ്ങര.പി.ഓ, കരുനാഗപ്പള്ളി |
| ഡോ.ബാലു ഭാസി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി വളന്തക്കാട് | മരട് നഗരസഭ | ഉഷസ്സ്(H), പാഴൂർ, പിറവം പി.ഒ, എറണാകുളം |
| ഡോ.ശ്രീകുമാരി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി നെട്ടൂർ | അനിൽകുമാർ.ബി, | 5എ, സ്കൈലൈൻ belaire, പനമ്പിള്ളി നഗർ,കൊച്ചി |
| ഡോ.ജീന, മെഡിക്കൽ ഓഫീസർ പി.എച്ച്.സി നെട്ടൂർ | മരട് നഗരസഭ | സമർപ്പണം,29/92 എ,ജനതാ റോഡ്,വൈറ്റില |
| രാജേശ്വരി.സി.എൽ, മെഡിക്കൽ ഓഫീസർ ഹോമിയോ | മരട് നഗരസഭ | ശങ്കരം സി എം സി 9, ചേർത്തല |
| സതി.എ.സി, എച്ച്.എം,ജി.എൽ.പി.എസ്, മരട്,മാങ്കോയിൽ | മരട് നഗരസഭ | പഴനി ഹൗസ്, ടി.കെ.എസ്റോഡ്, മരട്.പി.ഓ |
| ഹുസൈൻ.എ, പ്രോജക്ട് ഓഫീസർ, യു.പി.എ.ഡി | പരപ്പനങ്ങാടി നഗരസഭ | ഗ്രീൻ ലൈൻ, മൂലേപ്പാടം, മൊയ്തീൻഷാ റോഡ്, വാഴക്കാല, കാക്കനാട് |
| വിൽസൺ.സി.ജെ,പ്രോജക്ട് ഓഫീസർ, യു.പി.എ.ഡി | മരട് സുഭാഷ്.പി.കെ, സെക്രട്ടറിനഗരസഭ | ചക്കാലക്കൽ ഹൗസ്,1/871/A,RIDS LINE, പട്ടാളം ഫോർട്ട് കൊച്ചി |
| അനിൽകുമാർ.ബി, സെക്രട്ടറി | കളമശ്ശേരി നഗരസഭ | ലക്ഷ്മി ഗോപാലം (സതി മന്ദിരം), നടുവത്ത് ചേരി, ചവറ സൗത്ത, കൊല്ലം.പി.ഒ |
| സുഭാഷ്.പി.കെ, സെക്രട്ടറി | ഏലൂർ നഗരസഭ | പാലേക്കുഴിയിൽ ഹൗസ്, കരിമുകൾ, പുത്തൻകുരിശ്.പി.ഒ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച |
|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ഇ.(പി.4)1468/26.10.1995 |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1986-87 | |
| 1987-88 | |
| 1988-89 | |
| 1990-91 | |
| 1991-92 & 1992-93 | എൽ.എഫ്.ഇ.(പി.4)1025/94/9.2.1996 |
| 1993-94 | എൽ.എഫ്.ഇ.(പി.3)556/96/ 17.5.1998/7.1.99 |
| 1996-97 | എൽ.എഫ്.ഇ.(പി.3)160/96 /17.5.98/7.1.99 |
| 1997-98 | എൽ.എഫ്.ഇ.(പി.4)691/2000/ 18.10.2000 |
| 1998-99 | എൽ.എഫ്.ഇ.(പി.6)1010/05/21.7.06 /7.10.06 |
| 1999-2000 | എൽ.എഫ്.ഇ.(പി.6)1011/05/21.7.06/ 7.10.06 |
| 2000-01 | എൽ.എഫ്.ഇ.(പി.6)1005/05/22.7.2006 |
| 2001-02 | എൽ.എഫ്.ഇ.(പി.7)1818/06/ 3.11.07/15.1.08 |
| 2002-03 | എൽ.എഫ്.ഇ.(പി.7)1819/06/ 3.11.07/31.1.08 |
| 2003-04 | എൽ.എഫ്.ഇ.(പി.7)1820/06/ 3.11.07/15.1.08 |
| 2004-05 | എൽ.എഫ്.ഇ.(പി.8)785/09/ 9.3.10/11.6.10 |
| 2005-06 | എൽ.എഫ്.ഇ.(പി.8)786/09 /9.3.10/11.6.10 |
| 2006-07 | എൽ.എഫ്.ഇ.(പി.8)1342/09/ 9.3.10/11.06.10 |
| 2007-08 | എൽ.എഫ്.ഇ.(പി.8)140/10/ 6.11.10/4.1.11 |
| 2008-09 | എൽ.എഫ്.ഇ.(പി.8)141/10/6.11.10/7.3.11 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1860/10/ 2.5.11/4.8.11 |
| 2010-11 | എൽ.എഫ്.ഇ.(എം.1)1863/12/ 20.6.12/11.7.12 |
| 2011-12 | എൽ.എഫ്.ഇ.(എം.1)1100/14/ 13.1.15/17.1.15 |
| 2012-13 | എൽ.എഫ്.ഇ.(എം.1)883/15 / 14.07.2015 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(എം.1)1012/2016 / 20.07.2016 |
| 2015-16 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 164/ 17 / 8.2.17 |
| 2016-17 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 1758/ 17 / 19.09.17 |
| 2017-18 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 307/ 19 / 23.03.19 |

**ജോയിന്റ് ഡയറക്ടർ**

.

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **മരട് നഗരസഭയുടെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) ഷെഡ്യൂൾ B9 ലെ CGST,SGST തുകകൾ (യഥാക്രമം 2,31,094/-, 2,29,168/-) വ്യത്യാസപ്പെട്ടിരിക്കുന്നു.

2) R.P.29 ൽ മുൻകൂറായി വരവുള്ള താഴെപ്പറയുന്ന തുകകൾ ഷെഡ്യൂൾ B.4 ൽ ബാധ്യതയായി കാണിച്ചിട്ടില്ല.

തൊഴിൽ നികുതി -10/-
സർവ്വീസ് സെസ് - 473/-
Fee on Building for special service - 252/-

3) PNB-Own Fund – അക്കൗണ്ടിലെ 31.3.19 ലെ നീക്കിയിരിപ്പ് രൂ. 3,79,52,507.84 ആണ്. എന്നാൽ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ടി ദിവസം, പാസ്സ്ബുക്ക് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 3,81,12,290.84 രൂപയാണ്. റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയാണ് RP 40(b) യിൽ കാണിച്ചിരിക്കുന്നത്.

4) RP 40(b) പ്രകാരം TPA-288 ലെ നീക്കിയിരിപ്പ് 30,345/- രൂപയാണ്. പാസ് ബുക്ക് പ്രകാരം ടി തുക 31.3.12 ലെ നീക്കിയിരിപ്പാണ്.

5) VPFA- Old അക്കൗണ്ടിന്റെ RP40(b) പ്രകാരമുള്ള നീക്കിയിരിപ്പ് 8,07,725/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പരിശോധിച്ചതിൽ 3/2008 വരെ മാത്രമേ ടി അക്കൗണ്ടിൽ ഇടപാടുകൾ നടത്തിയിട്ടുള്ളൂ. ഇതനുസരിച്ച് വരുന്ന നീക്കിയിരിപ്പ് തുക 7,80,888/- രൂപയാണ്.

6) താഴെപ്പറയുന്ന ഇനങ്ങളുടെ യഥാർത്ഥ നീക്കിയിരിപ്പല്ല, ഷെഡ്യൂൾ B15 ൽ രേഖപ്പെടുത്തിയിട്ടുള്ളത്.

| ഇനം | Demand | Colln. | Adjustment (Service Cess)* | യഥാർത്ഥ നീക്കിയിരിപ്പ് | B15 പ്രകാരം ഉള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1) വസ്തു നികുതി | | | | | |
| Current | 36613399 | 30721174 | 2437127 (1985+2298+2432844) | 3455098 | 2025127 |
| Arrear | 1461170 | 14349602 | 1207711* | -14096143 | 184626.10 |
| 2) തൊഴിൽ നികുതി | | | | | |
| Employees | 13676564 | 13569554 | Nil | 107010 | Nil |
| 3) Rent | | | | | |
| Current | 371912 | 178725+ 61943 240668 | Nil | 131244 | 176910 |
| Arrear | 10550 | 18122+ 2659 20781 | Nil | -10231 | Nil |
| 4. D&O | | | | | |
| Current | 1433700 | 390900+ 1028885 1419785 | Nil | 13915 | Nil |
| Arrear | 156086 | 27600 | Nil | 128486 | Nil |

7) Service Tax Payable – എന്ന ഹെഡിൽ, ഷെഡ്യൂൾ B9-ൽ രേഖപ്പെടുത്തിയിരി ക്കുന്ന തുക (-19,73,746/-) നെഗറ്റീവ് ഫിഗർ ആയി കാണുന്നു.

8) ACR പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (Non-Road) തുക 57,52,351/- ആണ്. എന്നാൽ I.6 ലും RP.6 ലും ആയത് യഥാക്രമം 54,52,360/-, 53,05,962/- എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

9) തൻവർഷം വസ്തു നികുതി ഇനത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

RP.1 - 2,052/-

RP.37 (Current) - 3,07,19,122/-

(Arrear) - 1,43,49,602/-

ആകെ - 4,50,70,776/-

ഇതനുസരിച്ച് വരുന്ന ലൈബ്രറി സെസ് @ 5%, 22,53,539/- രൂപയാണ്. എന്നാൽ RP .29 ൽ Library Cess Payable എന്നതിൽ 18,48,810/- രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്.

10) ഷെഡ്യൂൾ B.1, Excess of Income over Expenditure മുന്നിരിപ്പ് തുകയിൽ വ്യത്യാസമുണ്ട്.

2017-18 ലെ AFS പ്രകാരം നീക്കിയിരിപ്പ് - 10,49,30,343.50

2018-19 ലെ AFS ൽ കാണിച്ചിരിക്കുന്ന മുന്നിരിപ്പ് - 14,04,83,608.50

വ്യത്യാസം - 3,55,53,265.00

11) പഞ്ചാബ് നാഷണൽ ബാങ്കിലെ (തനത് ഫണ്ട്) അക്കൗണ്ടിൽ ക്യാഷ് ചെയ്യാത്ത ചെക്കുകളുടെ തുകയായി 1,00,71,375/- രൂപ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലുണ്ട്. ഈ ചെക്കുകൾ 23.07.2014 മുതലുള്ളതാണ്. കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല.

12) വസ്തു നികുതി സംബന്ധിച്ച്, സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ എൻട്രി പൂർണ്ണമായിട്ടില്ല.

13) ആസ്തി രജിസ്റ്റർ കാലികമാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

14) വരവിനങ്ങളായ Rent, Profession Tax, D&O License എന്നിവയുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും DCB തയ്യാറാക്കി AFS -മായി പൊരുത്തപ്പെടുത്തിയിട്ടില്ല.

15) SBT- യിലുള്ള നീക്കിയിരിപ്പ് 7,18,124/- രൂപയാണ് (RP40.b). എന്നാൽ പാസ് ബുക്ക് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിനൊപ്പം ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ കഴിഞ്ഞിട്ടില്ല (11.1.19 വരെയുള്ള സ്റ്റേറ്റ്മെന്റ് ആണ് ഹാജരാക്കിയത്. അതിൻ പ്രകാരം നീക്കിയിരിപ്പ് 6,88,773.50 രൂപയാണ്).

**ജോയിന്റ് ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **MARADU MUNICIPALITY** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 295(6) of the Kerala Municipalily Act 1994, Rule No. 60 of Kerala Municipality (Accounts) Rules 2007,

and guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Nagarapalika Institutions and the instructions vide GO(Rt) 1413/2018/LSGD, dated, 22.05.2018

In my opinion, the Financial Statement of **MARADU MUNICIPALITY** for the year 2018-19 subject to the observations in the annexure-2, properly presents the picture of income, expenditure and closing balance.

**JOINT DIRECTOR**

**Defects identifed on verification of Annual Fianancial Statement 2018-19 of MARADU MUNICIPALITY**

1. CGST, SGST amounts (Rs 2,31,094/-, Rs. 2,29,168/- respectively) are differed in Schedule B9.

2. Following Advance amounts ,in RP 29 are not marked as liability in B4 Schedule.

| | |
|---|---|
| Profession Tax | Rs.10/- |
| Service Cess | Rs.473/- |
| Fee on Building for Special Service | Rs.252/- |

3. The C/B of Own Fund in PNB account is Rs.3,79,52,507.84/-, while it is Rs.3,81,12,290.84 in Reconciliation Statement & RP 40 (b).
4. The C/B of TPA 288 A/c in RP 40 (b) is Rs.30,345/-.But as per Bank Pass Book, this amount is the C/B as on 31/3/2012.
5. As per RP 40 (b), The C/B of VPFA OLD A/c is 8,07,725/-. On verification of the Pass Book, last transactions was in 3/2008 and C/B of the account is Rs.7,80,888/-.
6. The actual C/B of the following items are not included in Schedule B 15

| ITEM | DEMAND | COLLN | ADJUSTMENT (SERVICE TAX) | ACTUAL CLOSING BALANCE | CLOSING BALANCE AS PER B15 |
|---|---|---|---|---|---|
| PROPERTY TAX | | | | | |
| Current | 36613399 | 30721174 | 2437127 | 3455098 | 2025127 |
| Arrear | 1461170 | 14349602 | 1207711 | -14096143 | 184626.10 |
| PROFESSION TAX | | | | | |
| Employees | 13676564 | 13569554 | Nil | 107010 | Nil |
| RENT | | | | | |
| Current | 371912 | 240668 | Nil | 131244 | 176910 |
| Arrear | 10550 | 20781 | Nil | -10231 | Nil |
| D & O | | | | | |
| Current | 1433700 | 1419785 | Nil | 13915 | Nil |
| Arrear | 156086 | 27600 | Nil | 128486 | Nil |

7. The Amount of Rs 1973746/- in B9 Schedule under the head Service Tax Payable is in negative balance.
8. As per Appropriation Control Register, the Maintenance Grant ( NR) is Rs. 5752351/- , where as the same is shown as Rs 5452360/-, Rs.5305962/- in I 6 & RP 6 respectively.
9. The amount collected as Property Tax during current year is given below.

| | |
|---|---|
| RP 1 | 2052 |
| RP 37 current | 30719122 |
| RP 37 arrear | 14349602 |

| | |
|---|---|
| total | 45070776 |

As per this, Library Cess applicable @ 5% is Rs 2253539/-. But amount shown in RP 29 under the head Library Cess Payable is Rs.1848810/-.

10. The O/B of Excess of Income Over Expenditure in Schedule B1 (18-19), differs from previous year C/B.

| | |
|---|---|
| CB as on 17-18 AFS | 104930343.5 |
| OB as on 18-19 AFS | 140483608.5 |
| Difference | 35553265 |

11. An amount of Rs.10071375/- is shown as Uncashed Cheques in Reconciliation Statement of PNB Own Fund account. These cheques are not entered in Stale Cheque Head.

12. The data entry of Property Tax in Sanchaya is not yet completed.

13. Asset Register is not updated and reconcilled with AFS.

14. The DCB Statement of Rent, D& O License, Profession Tax, are not prepared and reconciled with AFS, even if concerned registers are kept correctly.

15. As per RP 40 (b) the C/B of SBT A/c is Rs. 718124/-. Since the bank statement is not submitted with Reconciliation statement, It is not possible to ensure the accuracy of pass book balance. As per the statement ending on 11/1/2019 produced for verification, the C/B is Rs. 688773.50/- .

**JOINT DIRECTOR**